# മോക്ഷത്തിന്റെ മാർഗം

എം.എം. അക്ബർ

# മോക്ഷത്തിൻെറ മാർഗം

നിച്ച് ഓഫ് ട്രൂത്ത്

## NICHE OF TRUTH

Malayalam | Study | Mokshathinte Margham
മോക്ഷത്തിൻെറ മാർഗം
Author: M.M. Akbar
Sixth Edition: June 2006
**Price: Rs. 25.00**

Publishers:
Niche of Truth | P.B. No:1981| Vyttila | Kochi-19 | Kerala | India
www.nicheoftruth.org | Email: islam@nicheoftruth.org
Distribution:
Da'wa Books | Salafi Cultural Complex | Vyttila | Kochi-19
Cover: Primrose
Type Setting: Creative Media
Printing: Screen Offset, Kochi-18


All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the author or publishers.

ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് – ജീവൻ നൽകി, വായുവും വെള്ളവും സൗകര്യപ്പെടുത്തി, ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ്. നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിൻെറ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിൻെറ കണക്ക് മരണശേഷം നാം സ്രഷ്ടാവിൻെറ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തൻെറ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യൻെറ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിൻെറ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് നിച്ച് ഓഫ് ട്രൂത്ത് .

ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിച്ച് ഓഫ് ട്രൂത്തിൻെറ കൃതികളിലൊന്നാണ് മോക്ഷത്തിൻെറ മാർഗം. കോഴിക്കോട് പട്ടേൽതാഴത്തുവെച്ചു നടന്ന ഒരു വട്ടമേശാ സമ്മേളനത്തിൽ അമുസ്‌ലിം ബുദ്ധിജീവികൾക്കു മുന്നിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊണ്ട് നിച്ച് ഓഫ് ട്രൂത്ത് പ്രവർത്തകനായ എം.എം. അക്ബർ അവതരിപ്പിച്ച പ്രബന്ധമാണിത്.

പുസ്തകത്തിൻെറ അഞ്ചാം പതിപ്പാണിത്. ഇതിനകംതന്നെ ഇംഗ്ലീഷ്, തമിഴ്, കന്നട ഭാഷകളിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സത്യദീനിനെ സഹായിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെ (ആമീൻ).

നാഥാ... സത്യമത സന്ദേശ പ്രചാരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിൻെറ നിർവഹണത്തിനുവേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**ഡയറക്ടർ**

**കു**റേ ആഗ്രഹങ്ങളുള്ളവരാണ് നാം. ഈ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി നമ്മളെല്ലാം കഠിനാധ്വാനം ചെയ്തു കൊണ്ടിരിക്കുന്നു. ഒരു ആഗ്രഹം സഫലമാകുമ്പോൾ അടുത്ത ആഗ്രഹം മനസ്സിൽ മുളപൊട്ടുകയായി. ഇത് മനുഷ്യസഹജമായ ഒരു സ്വഭാവമാണ്. തന്റെ ആശകളത്രയും പൂർത്തീകരിക്കണമെന്ന് മനുഷ്യന് ആഗ്രഹമുണ്ട്. ആഗ്രഹ സഫലീകരണത്തിനുവേണ്ടി ചോര നീരാക്കി പണിയെടുത്തുകൊണ്ടിരിക്കുകയാണ് മനുഷ്യർ. ഈ അധ്വാനങ്ങൾക്കിടയിൽ നമ്മളെല്ലാം ഒരു ദിവസം ഈ ജീവിതത്തോട് യാത്ര പറയുന്നു. മരണം! മനുഷ്യജീവിതത്തിന്റെ അനിവാര്യമായ അന്ത്യമാണത്. മൃത്യുവിനെ നിയന്ത്രിക്കുവാനും അനശ്വരത നേടിയെടുക്കുവാനും വേണ്ടിയുള്ള മർത്യപരിശ്രമങ്ങളെല്ലാം പരാജയത്തിലാണ് കലാശിച്ചിരിക്കുന്നത്. ഇല്ല, മരണത്തെ നിയന്ത്രിക്കുവാൻ മനുഷ്യന് കഴിയില്ല. ജനിച്ചവർ മുഴുവൻ മരിക്കും. തന്റെ ഇച്ഛകൾ പൂർത്തീകരിക്കാൻ വേണ്ടിയുള്ള ജീവിത സമരത്തിന്റെ വിയർപ്പുതുള്ളികൾ നെറ്റിയിൽ വഹിച്ചുകൊണ്ടാണ് മനുഷ്യർ മരണത്തെ പുൽകുന്നത്. തന്റെ ആശകളത്രയും പൂർത്തീകരിക്കാൻ പറ്റിയ രീതിയിലല്ല മർത്യജീവിതം സംവിധാനിക്കപ്പെട്ടിരിക്കുന്നത്. നൂറ്റിഇരുപത് സംവൽസരമാണ് ആധുനിക മനുഷ്യന്റെ പരമാവധി ആയുസ്സെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. ഈ ആയുസ്സിനിടയിൽ തന്റെ ആഗ്രഹങ്ങളെല്ലാം പൂർത്തീകരിക്കുവാൻ സാധ്യമല്ലെന്ന് മനസ്സിലാക്കുന്ന മർത്യമനസ്സ്

അവ സഫലമാവുന്ന ഒരു ലോകത്തെ ആഗ്രഹിക്കുക സ്വാഭാവികമാണ്. ഈ പ്രപഞ്ചത്തിൻെറ സംവിധാനംതന്നെ തൻെറ ഇച്ഛകളുടെ പൂർണമായ പൂർത്തീകരണത്തിനു പറ്റിയ രീതിയിലുള്ളതല്ലെന്ന് മനസ്സിലാക്കുന്ന മനുഷ്യൻ പ്രാപഞ്ചിക ജീവിതത്തിൽനിന്ന് വ്യത്യസ്തമായ ഒരു ജീവിതത്തിനു വേണ്ടി ആശിക്കുന്നു.

അനശ്വരതക്കുവേണ്ടിയുള്ള ആഗ്രഹം മനുഷ്യാസ്തിത്വത്തിൻെറ സ്വാഭാവികമായ തേട്ടങ്ങളിലൊന്നാണ്. ഈ പ്രപഞ്ചത്തിലേക്ക് കണ്ണോടിക്കുന്ന നാം മനുഷ്യതുല്യമായ ഒരു അസ്തിത്വത്തെ എവിടെയും കാണുന്നില്ല. പ്രപഞ്ചത്തിലെ പരമോത്തമ സൃഷ്ടി മനുഷ്യനാണ്. കോടാനുകോടി സംവൽസരങ്ങളായുള്ള പ്രപഞ്ചത്തിൻെറ പരിണാമത്തിനിടയിൽ മനുഷ്യനെന്ന പരമോൽകൃഷ്ട സൃഷ്ടി പ്രത്യക്ഷീഭവിച്ചിട്ട് ഏതാനും സഹസ്രാബ്ദങ്ങൾ മാത്രമേ ആയിട്ടുള്ളൂ. ഭൂമിയാകമാനം ഒന്നു കുലുങ്ങിയാൽ ആ സൃഷ്ടിയുടെ അസ്തിത്വം അവസാനിക്കുകയും ചെയ്യുന്നു. മനുഷ്യശരീരം ഏതേതു ഭൗതിക ഘടകങ്ങൾ ചേർന്നുണ്ടായതാണോ അവയുടെയെല്ലാം വയസ്സ് കോടാനുകോടി കൊല്ലം നീണ്ടുനിൽക്കുന്നു. നാം ഉയിരെടുക്കുന്നതിനു മുമ്പേ അവ ഇവിടെയുണ്ടായിരുന്നു. നമ്മുടെ മരണത്തിനു ശേഷവും കുറേ വർഷങ്ങൾ അവ ഇവിടെ അവശേഷിക്കും. എന്നാൽ ഈ പ്രപഞ്ചത്തിലെ സർവോൽകൃഷ്ടമായ അസ്തിത്വം ഏതാനും വർഷങ്ങൾ മാത്രം ഈ ഭൂമിയിൽ ജീവിക്കുന്നു. പരമാവധി നൂറ്റിയിരുപത് വർഷങ്ങൾ മാത്രം. ഇത് മനുഷ്യബുദ്ധി അംഗീകരിക്കുന്നില്ല. താൻ സർവോൽകൃഷ്ടനാണെന്നു പറയപ്പെടണമെങ്കിൽ ഈ ജീവിതത്തിനു പുറമെ മറ്റൊരു ജീവിതം വേണമെന്ന് മനുഷ്യൻ ആഗ്രഹിക്കുന്നു.

നന്മ ചെയ്യാൻ മനുഷ്യനിൽ ജന്മനാതന്നെ ഒരു വാസനയുണ്ട്. തിന്മയോട് അവന് വെറുപ്പാണ്. പക്ഷേ, എന്താണ് നന്മയെന്നും എന്താണ് തിന്മയെന്നും വ്യക്തമായി നിർവചിക്കാൻ മനുഷ്യന് സാധിക്കുന്നില്ല. അവൻ പഠിച്ചുവെച്ചിട്ടുള്ള തിന്മ ചെയ്യുന്ന വ്യക്തികളിൽ പലരും ഇഹലോകത്ത് സുഖസൗകര്യങ്ങളനുഭവിക്കുന്നതായും നന്മ ചെയ്യുന്നവരിൽ പലരും കഷ്ടപ്പെടുന്നതായും കാണപ്പെടുന്നു. നന്മക്കും തിന്മക്കും തക്കതായ പ്രതിഫലം നൽകുവാൻ ഈ ലോകത്തെ യാതൊരു സംവിധാനത്തിനും കഴിയില്ലെന്നതാണ് വാസ്തവം. സ്വന്തം ജീവിതം മുഴുവൻ മനുഷ്യസേവനത്തിനുവേണ്ടി നീക്കിവെച്ച പല മഹത്തുക്കൾക്കും സമൂഹം നൽകിയ പ്രതിഫലം മർദനങ്ങളും പീഡനങ്ങളും അപമാനങ്ങളുമായിരുന്നുവെന്നാണ് ചരിത്രം പഠിപ്പിക്കുന്നത്. അവരിൽ പലരുടെയും സേവനങ്ങളെക്കുറിച്ച് സമൂഹം യഥാവിധം വിലയിരുത്തുന്നതുതന്നെ അവരുടെ മരണത്തിനു ശേഷമായിരുന്നു. അപ്പോൾപിന്നെ അവരുടെ സേവനങ്ങൾക്കും ത്യാഗങ്ങൾക്കും പ്രതിഫലം നൽകപ്പെടുന്ന ഒരു വേദി ആവശ്യമില്ലേ? ഇതിൻെറ മറുവശം നോക്കുക. സമൂഹങ്ങളുടെ ദുരന്തങ്ങൾക്ക് നിമിത്തമായ പ്രവർത്തനങ്ങൾ ചെയ്ത് ജീവിച്ച്, അതിനിടയിൽ സുഖപ്രദമായി പട്ടുമെത്തയിൽ കിടന്ന് ഇഹലോകവാസം വെടിഞ്ഞവരെക്കുറിച്ചും ചരിത്രം ധാരാളമായി നമുക്ക് പറഞ്ഞുതരുന്നുണ്ട്. അവർ ചെയ്ത ക്രൂരതകൾ ഇന്നും നമ്മെ ഞെട്ടിപ്പിക്കുവാൻ പോന്നതാണ്. പക്ഷേ, പ്രസ്തുത ക്രൂരതകൾ ചെയ്ത് പൊട്ടിച്ചിരിച്ച് ആഹ്ലാദത്തിമിർപ്പിൽ മതിമറന്ന് കൂത്താടിക്കൊണ്ടിരിക്കുന്നതിന്നിടയിലാണ് അവരിൽ പലരെയും മരണം കടാക്ഷിച്ചത്. അവർക്ക് തങ്ങളുടെ ക്രൂരതകൾക്ക് തക്കതായ ശിക്ഷ കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ നന്മ ചെയ്യണമെന്നും തിന്മ വെടിയണമെന്നും പറയുന്നതിനെന്തു വില? ഇനി അവരെ ശിക്ഷിക്കാൻ കഴിഞ്ഞാൽ തന്നെ അവർ ചെയ്ത ക്രൂരതകൾക്ക് തുല്യമായ ശിക്ഷ നൽകുവാൻ ഏതു നീതിന്യായ വ്യവസ്ഥക്കാണ് കഴിയുക? ഒരാളെ വധിച്ചവനും ആയിരങ്ങളെ കൊന്നൊടുക്കിയവനും നമ്മുടെ കോടതികൾക്ക് നൽകാൻ കഴിയുന്ന പരമാവധി ശിക്ഷ വധശിക്ഷയാണല്ലോ. ഇതെങ്ങനെ ന്യായമാകും? ഭൗതിക നീതിന്യായ കോടതികൾക്കൊന്നുംതന്നെ നന്മക്കും തിന്മക്കും തക്കതായ പ്രതിഫലം നൽകാൻ സാധ്യമല്ലെന്ന് മനസ്സിലാക്കുമ്പോൾ അവയ്ക്ക് തത്തുല്യമായ പ്രതിഫലം നൽകപ്പെടുന്ന ഒരു വേദിക്കുവേണ്ടി മനുഷ്യമനസ്സ് ആഗ്രഹിക്കുന്നു. ഈ ലോകത്തിലെ സംവിധാനങ്ങളൊന്നുംതന്നെ പ്രസ്തുത വേദിക്ക് പറ്റിയതല്ലെന്നു മനസ്സിലാക്കുമ്പോൾ പ്രതിഫലവേദി ഈ ജീവിതത്തിലായിക്കൂടെന്ന് സ്വാഭാവികമായും മനുഷ്യബുദ്ധി വിധിക്കുന്നു.



അനശ്വരനാകണമെന്ന ആഗ്രഹമുള്ളവനാണ് മനുഷ്യൻ. ആയുസ്സിൻെറ നശ്വരതയെക്കുറിച്ച് നന്നായി ബോധമുള്ളവരാണെങ്കിലും തങ്ങളുടെ കർമഫലം അനശ്വരമാകണമെന്നും മറ്റുള്ളവരുടെ മനസ്സിലെങ്കിലും ജീവിച്ചിരിക്കണമെന്നും ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാം.

മരം വെച്ചുപിടിപ്പിക്കുന്ന പാവപ്പെട്ട ഒരു പടുവൃദ്ധനും മരണശയ്യയിൽ കിടന്ന് തൻെറ പേരിൽ മഹൽ നിർമിക്കാൻ ഒസ്യത്തു നൽകുന്ന ചക്രവർത്തിയും ഈ ആഗ്രഹമാണ് പ്രകടിപ്പിക്കുന്നത്; താൻ മരിച്ചാലും ഏതെങ്കിലുമൊരർഥത്തിൽ ജീവിക്കണമെന്ന ആഗ്രഹം. മരണത്തോടുകൂടി മനുഷ്യജീവിതം പൂർണമായിത്തന്നെ അവസാനിക്കുമെന്ന് ദൃഢമായി വിശ്വസിക്കുന്ന ഭൗതികവാദികൾ പോലും തങ്ങൾ അനന്തമായി നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്.രക്തസാക്ഷി മരിക്കുന്നില്ല; അവർ എന്നെന്നും ജീവിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നവരുടെ ഹൃദയങ്ങൾക്കകത്ത് എന്നെന്നും ജീവിച്ചിരിക്കണമെന്ന ആഗ്രഹമാണുള്ളതെന്ന് പറയേണ്ടതില്ലല്ലോ.

തൻെറ ആയുസ്സിനപ്പുറം നീണ്ടുനിൽക്കുന്ന ഫലങ്ങളുണ്ടാക്കുന്ന കർമങ്ങൾ ചെയ്യുവാൻ കഴിവുള്ള ജീവിയാണ് മനുഷ്യൻ. തങ്ങളുടെ ജീവിതത്തിൻെറ അതിരുകൾക്കകത്ത് മാത്രം ഒതുങ്ങുന്ന ഫലങ്ങളുണ്ടാക്കുന്ന കർമങ്ങൾ ചെയ്യാനേ ഇതര ജീവികൾക്ക് കഴിയൂ. മനുഷ്യ ചെയ്തികൾ അങ്ങനെയല്ല. അവയുടെ ഫലങ്ങൾ നല്ലതായാലും ചീത്തയായാലും അവൻെറ ആയുസ്സിനപ്പുറത്തേക്കുകൂടി നീളുന്നു. റേഡിയോ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻെറ കർമങ്ങളുടെ സൽഫലവും ആറ്റോമിക ബോംബ് കണ്ടുപിടിച്ച ശാസ്ത്രജ്ഞൻെറ കർമങ്ങളുടെ ദുഷ്ഫലവും അവരുടെ ആയുസ്സിനുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാലും ജനം അനുഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരുടെ കർമങ്ങൾ ഭൂമിയിലുണ്ടാക്കുന്ന ഫലങ്ങൾ അനശ്വരമാണെങ്കിൽ പ്രസ്തുത കർമം ചെയ്തവന് ലഭിക്കുന്ന പ്രതിഫലവും അനശ്വരമാകേണ്ടതല്ലേ? അതെയെന്നാണ് സാമാന്യബുദ്ധി നൽകുന്ന ഉത്തരം. അനന്തമായ ലക്ഷ്യങ്ങളുള്ള മനുഷ്യകർമങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലവും അനന്തമായിരിക്കണം.

മരണത്തിനുശേഷമുള്ള ഒരു ജീവിതം മനുഷ്യബുദ്ധിയുടെ സ്വാഭാവികമായ തേട്ടങ്ങളിലൊന്നാണ്. ചരിത്രാതീത കാലം മുതൽക്കുതന്നെ മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം നിലനിന്നിരുന്നുവെന്നാണ് ഉൽഖനന ഗവേഷണങ്ങൾ കാണിക്കുന്നത്. മരണത്തോടുകൂടി അവസാനിക്കുന്നതാണ് മനുഷ്യ ജീവിതമെങ്കിൽ നന്മ, സത്യം, പരോപകാരം, സേവനം തുടങ്ങിയവക്കൊന്നും യാതൊരു വിലയുമില്ലെന്നു വരുന്നു. തിന്മകളും അക്രമങ്ങളും ചെയ്ത് ഈ ക്ഷണിക



ജീവിതം ആസ്വാദ്യകരമാക്കാൻ വേണ്ടി ശ്രമിക്കുന്നയാളോട് അതു ശരിയല്ലെന്നു പറയുവാനുള്ള അവസരമുണ്ടാവുന്നില്ല. അതുകൊണ്ടുതന്നെ മരണാനന്തരം ഒരു ജീവിതമുണ്ടായിരിക്കണം. ഈ ജീവിതത്തിൽ വെച്ചു ചെയ്ത നന്മകൾക്ക് തക്കതായ പ്രതിഫലവും തിന്മകൾക്ക് തത്തുല്യമായ ശിക്ഷയും നൽകുവാൻ സാധിക്കുന്ന രീതിയിൽ സംവിധാനിക്കപ്പെട്ട ഒരു ജീവിതം. ആ ജീവിതമില്ലെങ്കിൽ മനുഷ്യനെന്ന ഉൽകൃഷ്ട സൃഷ്ടിയുടെ അസ്തിത്വത്തിന് യാതൊരു വിലയുമില്ല. പ്രസ്തുത ജീവിതത്തിൽവെച്ച് ആഗ്രഹങ്ങൾ മുഴുവൻ സഫലീകൃതമാവണം. അതിനു തക്കവിധത്തിൽ അനശ്വരമായിരിക്കണം മരണാനന്തര ജീവിതം.

അനശ്വരമായ ഒരു മരണാനന്തര ജീവിതമുണ്ടെങ്കിൽ ആ ജീവിതത്തിലെ സുഖവും സംതൃപ്തിയുമായിരിക്കും യഥാർഥത്തിലുള്ള സുഖം; അതിലെ ആഹ്ലാദമായിരിക്കും യഥാർഥത്തിലുള്ള ആഹ്ലാദം; അതിലെ പ്രയാസങ്ങളും ദുരിതങ്ങളുമായിരിക്കും ശരിക്കുള്ള ദുരിതം. അതുകൊണ്ടുതന്നെ മനുഷ്യരുടെ ഇഹലോക ജീവിതത്തിൻെറ ലക്ഷ്യം മരണാനന്തര ജീവിതത്തിലെ മോക്ഷമായിരിക്കണം. ക്ഷണികമായ ഈ ജീവിതത്തിലെ സുഖങ്ങളും ദുഃഖങ്ങളുമെല്ലാം താൽക്കാലികമാണ്. അതിനാൽ ഈ ജീവിതത്തിൽ അൽപം ത്യാഗം സഹിച്ചാലും മരണാനന്തരം സുഖം ലഭിക്കണമെന്ന രീതിയിൽ മനുഷ്യർ തങ്ങളുടെ ജീവിതം ചിട്ടപ്പെടുത്തണം. നിത്യമായ ഒരു ജീവിതത്തിലേക്കുള്ള ഒരു കൃഷിയിടം മാത്രമായിരിക്കും മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ഈ ലോക ജീവിതം. അതുകൊണ്ടുതന്നെ അയാളുടെ ജീവിതത്തിന് അടുക്കും ചിട്ടയുമുണ്ടാകുന്നതിനും അത് നന്മയിലധിഷ്ഠിതമാകുന്നതിനും ഈ വിശ്വാസം നിമിത്തമായിത്തീരുന്നു.

മരണാനന്തരം ഒരു ജീവിതം വേണമെന്ന് മനുഷ്യമനസ്സ് ആഗ്രഹിക്കുന്നുവെന്നത് നേര്. എന്നാൽ അത്തരമൊരു ജീവിതമുണ്ട് എന്നതിന് എന്താണ് തെളിവ്? ഈ ലോകത്ത് കയ്യെത്തിച്ചാൽ കിട്ടുന്ന സുഖസൗകര്യങ്ങൾ വെടിഞ്ഞ് മരണാനന്തര ജീവിതത്തിലെ നന്മക്കുവേണ്ടി പരിശ്രമിക്കുന്നത് അവസാനം വൃഥാവിലാകുമോ? പരലോകത്ത് പോയി ആരുംതന്നെ മടങ്ങിവന്നിട്ടില്ലെന്നതിനാൽ മരണാനന്തര ജീവിതത്തിൽ പ്രതീക്ഷകളർപ്പിക്കുന്നത് വ്യർഥമാകുമോ? ഇത്തരം ചോദ്യ

ങ്ങൾ സ്വാഭാവികമാണ്. മരണാനന്തര ജീവിതത്തെക്കുറിച്ച പഠനത്തിന് പദാർഥത്തെയും അതിൻെറ സ്വഭാങ്ങളെയും കുറിച്ച പഠനത്തിന് നാം ഉപയോഗിക്കുന്ന മാർഗങ്ങൾ തീരെ അനുയോജ്യമല്ല. മരണത്തെപ്പോലും നിർവചിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലാത്ത ശാസ്ത്രീയ നിരീക്ഷണ രീതികളുപയോഗിച്ച് മരണാനന്തര ജീവിതത്തെ സംബന്ധിച്ച് നാം മനസ്സിലാക്കുന്നതെങ്ങനെ? ഈ പ്രപഞ്ചത്തെക്കുറിച്ച് പഠിക്കുവാൻ രൂപകൽപന ചെയ്തിട്ടുള്ള ശാസ്ത്രസിദ്ധാന്തങ്ങളുപയോഗിച്ച് പ്രപഞ്ചാതീതമായ ഒരു കാര്യത്തെയും മനസ്സിലാക്കുവാൻ കഴിയില്ലെന്ന് സാമാന്യബുദ്ധിതന്നെ സമ്മതിക്കുന്നു. അപ്പോൾ പിന്നെ മരണാനന്തര ജീവിതത്തിൻെറ സത്യത നമുക്കെങ്ങനെ ബോധ്യപ്പെടും?

മരണാനന്തര ജീവിതമെന്ന ഒന്നുണ്ടെങ്കിൽ അതിന് ഒരു സംവിധായകനുമുണ്ടായിരിക്കുമല്ലോ. ആ സംവിധായകനായിരിക്കും മരണാനന്തര ജീവിതത്തെ പൂർണമായി നിയന്ത്രിക്കുന്നത്. ഇഹലോക ജീവിതത്തിലെ ചെയ്തികൾക്ക് തക്കതായ പ്രതിഫലം വിധിക്കുന്നതും അവൻതന്നെയായിരിക്കും. മരണാനന്തര ജീവിതത്തിൻെറ സംവിധായകൻതന്നെ പ്രസ്തുത ജീവിതത്തെക്കുറിച്ച്, അങ്ങനെയൊന്നുണ്ടെങ്കിൽ, നമുക്ക് അറിയിച്ചുതരണം. അല്ലാതെ മറ്റൊരു മാർഗവും പരലോകത്തെക്കുറിച്ചറിയുവാൻ മാനവരാശിയുടെ കൈവശമില്ല. പ്രതിഫലനാളിൻെറ ഉടമസ്ഥനിൽനിന്ന് ആ നാളിനെക്കുറിച്ച വല്ല അറിവും മാനവരാശിക്കു ലഭിച്ചിട്ടുണ്ടോ? പരിശോധിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ഈ ബാധ്യത നിർവഹിക്കാതിരിക്കുന്നത് ശാശ്വതമായ നഷ്ടത്തിന് നിമിത്തമാവുമെന്ന കാര്യത്തിൽ സംശയമില്ല.

### മതങ്ങളും മരണാനന്തര ജീവിതവും

മതങ്ങളുടെയെല്ലാം പൊതുവായ തത്ത്വങ്ങളിലൊന്നാണ് മരണാനന്തര ജീവിതത്തിലുള്ള വിശ്വാസമെന്നത് കാണാൻ കഴിയും. വിശദാംശങ്ങളിൽ വ്യത്യസ്തമാണെങ്കിലും പരലോക ജീവിതത്തെക്കുറിച്ച വിശ്വാസം എല്ലാ മതസമൂഹങ്ങളിലും നിലനിൽക്കുന്നുണ്ട്. അവഗാഹമായ പഠനം വിശദാംശങ്ങളിലുള്ള വ്യത്യാസം പിന്നീട് കടന്നുവന്നതാണെന്നും എല്ലാ മത സമൂഹങ്ങളുടെയും ഉൽപത്തികാലത്ത് ഒരേ രൂപത്തിലുള്ള പരലോക വിശ്വാസംതന്നെയായിരുന്നു നിലനിന്നിരുന്നതെന്നും വ്യക്തമാക്കുന്നുണ്ട്. മരണാനന്തരം എന്തു സംഭവിക്കുന്നുവെന്നതിനെക്കുറിച്ച് മതപ്രവാചകന്മാരെല്ലാം പറഞ്ഞത് ഇങ്ങനെ സംക്ഷേപിക്കാം: 'മനുഷ്യൻ മരണപ്പെടുന്നതോടുകൂടി അവൻെറ ജീവിതം അവസാനിക്കുന്നില്ല. ശാശ്വതമായ ഒരു പരലോകജീവിതം വരാനിരിക്കുന്നതേയുള്ളൂ. നന്മകൾക്കും തിന്മകൾക്കും ആ വേദിയിൽവെച്ച് തക്കതായ പ്രതിഫലം ലഭിക്കും. സ്രഷ്ടാവും പരിപാലകനുമായ സർവശക്തൻ അറിയിച്ചുതന്ന വിധിവിലക്കുകൾ അംഗീകരിച്ചുകൊണ്ട് ജീവിക്കുന്നതാണ് മരണാനന്തര ജീവിതത്തിലെ ശാശ്വത വിജയത്തിനുള്ള മാർഗം. സത്യവിശ്വാസികളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രതീക്ഷകളും സങ്കൽപങ്ങളുമെല്ലാം സാക്ഷാത്കരിക്കപ്പെടുന്ന പരലോകത്ത് വെച്ചുതന്നെ സത്യനിഷേധികൾക്ക് കഠിനമായ ശിക്ഷയും നൽകപ്പെടും'.



ലോകത്തുവന്ന എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച തത്ത്വങ്ങളിലൊന്നാണ് മരണാനന്തര ജീവിതത്തിലുള്ള വിശ്വാസമെന്ന് പറഞ്ഞുവല്ലോ. സെമിറ്റിക് പ്രവാചകന്മാരും ഭാരതീയ ഋഷിമാരുമെല്ലാം മരണാനന്തര ജീവിതത്തെക്കുറിച്ച് വിശദമായിത്തന്നെ പഠിപ്പിച്ചിരുന്നതായി കാണാൻ കഴിയും. സത്യവിശ്വാസികൾക്ക് പ്രവേശിക്കുവാനുള്ള സ്വർഗരാജ്യത്തെക്കുറിച്ചും ദുർവൃത്തർക്കായി ഒരുക്കിവെച്ചിട്ടുള്ള നരകത്തെ കുറിച്ചും പ്രബോധനം ചെയ്യാതെ ഒരു പ്രവാചകനും കഴിഞ്ഞുപോയിട്ടില്ലെന്നതാണ് വാസ്തവം.

### പുനർജന്മവും പരലോകവും

മരണാനന്തരം ഒരു ജീവിതമുണ്ടെന്നും ഈ ജീവിതത്തിൽ സദ്കർമങ്ങൾ ചെയ്തവർ മരണാനന്തര ജീവിതത്തിൽ സ്വർഗീയ സുഖങ്ങൾ അനുഭവിക്കുമെന്നും ദുഷ്കർമങ്ങൾ ചെയ്തവർ അന്ധകാരമയമായ നരകയാതനകളനുഭവിക്കുമെന്നുമുള്ള വിശ്വാസമായിരുന്നു വേദകാലത്തെ ഋഷിമാർക്കുണ്ടായിരുന്നതെന്നാണ് ചതുർവേദങ്ങളിലെ പരാമർശങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. വേദപണ്ഡിതനായ ശ്രീ രാഹുൽ സാംകൃത്യായൻ എഴുതുന്നതു കാണുക: 'വേദത്തിലെ ഋഷിമാർ ഈ ലോകത്തിൽനിന്നും വിഭിന്നമായ ഒരു ലോകമുണ്ടെന്ന് വിശ്വസിച്ചിരുന്നു. അവിടേക്കാണ് മരണാനന്തരം സദ്കർമികൾ പോവുക. അവരവിടെ ആനന്ദപൂർവം ജീവിക്കുന്നതാണ്. താഴെയുള്ള പാതാളം അന്ധകാരമയമായ നരകലോകമാണ്. അവിടേക്കാണ് ദുഷ്

കർമികൾ പോകുന്നത്' (രാഹുൽ സാംകൃത്യായൻ: വിശ്വദർശനങ്ങൾ പുറം: 552).

മരണാനന്തര ജീവിതത്തിൽ സദ്കർമികൾക്ക് സ്വർഗപ്രവേശവും ദുഷ്കർമികൾക്ക് നരകയാതനകളുമനുഭവിക്കേണ്ടിവരുമെന്ന വൈദികവിശ്വാസത്തിന് വിരുദ്ധമായി, പുനർജന്മമെന്ന ആശയത്തിൻെറ ആരംഭം കുറിക്കപ്പെട്ടത് വർണാശ്രമവ്യവസ്ഥയോടു ബന്ധപ്പെട്ടു കൊണ്ടാണ്. ശൂദ്രനും ചണ്ഡാളനും അനുഭവിക്കുന്ന കഷ്ടപ്പാടുകളെല്ലാം തങ്ങളുടെ മുജ്ജന്മപാപത്തിൻെറ ഫലമായിട്ടാണെന്ന വിശ്വാസം അരക്കിട്ടുറപ്പിച്ചുകൊണ്ട് സവർണമേധാവിത്വം അടിച്ചേൽപിക്കുവാൻ വേണ്ടി പുരോഹിതന്മാർ മെനഞ്ഞുണ്ടാക്കിയ ഒരു വിശ്വാസമാണ് പുനർജന്മമെന്ന ആശയം. ഇക്കാര്യം പുനർജന്മത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഛന്ദോഗ്യോപനിഷത്തിലെ സൂക്തം സുതരാം വ്യക്തമാക്കുന്നുണ്ട്. അതിങ്ങനെയാണ്:

*തദ്യ ഇഹ രമണീയ ചരണാ അഭ്യാശഃ ഹ യത്തേ*
*രമണീയാം യോനിം*
*ആപദ്യേരൻ ബ്രാഹ്മണയോനീം വാ ക്ഷത്രിയയോനിം*
*വാ വൈശ്യയോനിം വാ*
*അഥ യ ഇഹ കപൂയചരണാ അഭ്യാശഃ ഹയത്തേ കപൂയാം*
*യോനിം*
*ആപദ്യേരൻ ശ്വയോനിം വാ സൂകരയോനിം വാ ചണ്ഡാല*
*യോനിം വാ*

(ഇവരിൽ പുണ്യകർമികളായിട്ടുള്ളവർ സ്വകർമാനുസരണം ബ്രാഹ്മണയോനിയിലോ ക്ഷത്രിയ യോനിയിലോ വൈശ്യയോനിയിലോ ജനിക്കുന്നു. അശുഭകർമികൾ ശീഘ്രംതന്നെ നീചയോനികളിൽ- അതായത് പന്നിയുടെയോ പട്ടിയുടെയോ ചണ്ഡാളൻെറയോ യോനിയിൽ ജനിക്കുന്നു) (ഛന്ദോഗ്യോപനിഷത്ത് 5:10:7).

ഈ സൂക്തത്തിൽ പന്നിയും പട്ടിയും ചണ്ഡാളനും (ചാതുർവർണ്യത്തിൽ പെടാത്തവർ) മുജ്ജന്മപാപത്തിൻെറ ഫലമാണ് അനുഭവിക്കുന്നതെന്നാണ് സമർഥിച്ചിരിക്കുന്നത്. പന്നിയെയും പട്ടിയെയും പോലെയാണ് മനുഷ്യനായ ചണ്ഡാളനുമെന്ന് വരുത്തിത്തീർക്കുന്ന



പുനർജന്മവിശ്വാസം സവർണമേധാവിത്തത്തിൻെറ സൃഷ്ടിയല്ലാതെ മറ്റൊന്നുമല്ല.

വൈദിക ഋഷിമാർ മരണാനന്തര ജീവിതത്തിലും സ്വർഗ-നരകങ്ങളിലും വിശ്വസിച്ചിരുന്നുവെന്ന് പറഞ്ഞല്ലോ. വേദകാലഘട്ടത്തിലെ ഈ വിശ്വാസത്തിൻെറ സ്വാധീനം ചില ഉപനിഷത്തുകളിലും കാണാൻ കഴിയും. ദുഃഖരഹിതമായ സ്വർഗലോകത്തെയും ദുരിതപൂർണമായ നരകയാതനകളെയും കുറിച്ച് വിവരിക്കുന്ന ചില ഉപനിഷദ്സൂക്തങ്ങൾ കാണുക:

*അസൂര്യാ നാമ തേ ലോകാ അന്ധേന തമസാ വൃതാ:*
*താം സ്തേ പ്രേത്യാഭിഗച്ഛന്തിയേ കേ ചാത് മഹനോ ജനഃ*

(സൂര്യരഹിതമായ ആ ലോകങ്ങൾ അജ്ഞാനാന്ധകാര സമാവൃതങ്ങളാകുന്നു. ആത്മഘാതികൾ, അതായത് ഈശ്വരനെ സ്മരിക്കാതെ വിഷയാസക്തരായി കഴിയുന്നവർ, വീണ്ടും ദുഃഖഭൂയിഷ്ഠങ്ങളായ ആ ലോകങ്ങളെ പ്രാപിക്കുന്നു) (ഈശാവാസ്യോപനിഷത്ത് 3).

*സ്വർഗേ ലോകേ ന ഭയം കിഞ്ചനാസ്തി*
*ന തത്രത്വം ന ജരയാ ബിഭേതി*
*ഉഭേ, തീർത്ത്വാശനായാ പിപാസേ*
*ശോകാതിഗോ മോദതേ സ്വർഗ ലോകേ*

(സ്വർഗലോകത്ത് അൽപം പോലും ഭയമില്ല. അവിടെ നീയു(മരണം)മില്ല. ജരാനരയാൽ ആർക്കും ഭയവുമില്ല. അവിടെ വസിക്കുന്നവർ ക്ഷുത്പിപാസാദികൾക്കും ശോകാദികൾക്കും അതീതന്മാരായി സകലവിധ ആനന്ദവും അനുഭവിക്കുന്നു) (കഠോപനിഷത്ത് 1:1:12).

### യേശുവിൻെറ ഉപദേശം

മരണാനന്തര ജീവിതത്തിലെ മോക്ഷത്തിനുവേണ്ടി ഐഹിക സുഖങ്ങൾ പരിത്യജിക്കുന്നതുകൊണ്ട് കുഴപ്പമില്ലെന്നാണ് ക്രിസ്തു പഠിപ്പിച്ചത്. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ശ്രദ്ധിക്കുക:

'ഭൂമിയിൽ നിക്ഷേപങ്ങൾ നിനക്കായി സംഭരിച്ചുവെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും. കള്ളന്മാർ കുത്തിക്കവർന്നു കൊണ്ടുപോവുകയും ചെയ്യും. കീടങ്ങളും തുരുമ്പും

തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതി വെക്കുക. കാരണം, നിൻെറ നിക്ഷേപങ്ങൾ എവിടെയോ അവിടെയായിരിക്കും നിൻെറ ഹൃദയവും' (മത്തായി 6:19-21).

'മനുഷ്യർ എന്നെ പ്രതി നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും സത്യവിരുദ്ധമായ സർവവിധ ദൂഷണങ്ങളും പറയുകയും ചെയ്യുമ്പോൾ നിങ്ങൾ സൗഭാഗ്യവാന്മാർ. അപ്പോൾ നിങ്ങൾ ആനന്ദിക്കുക. ആഹ്ലാദിക്കുക, സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്ക് മുമ്പുണ്ടായിരുന്ന പ്രവാചകരെയും മനുഷ്യർ ഇങ്ങനെതന്നെ പീഡിപ്പിച്ചിട്ടുണ്ടല്ലോ' (മത്തായി 5:12).

'നീ പാപം ചെയ്യാൻ നിൻെറ കൈ കാരണമാകുന്നെങ്കിൽ അതു വെട്ടിക്കളയുക. ഇരുകൈകളുമായി നരകത്തിൽ, കെടാത്ത തീയിൽ, വീഴുന്നതിനേക്കാൾ ഭേദം വികലാംഗനായി ജീവനിൽ പ്രവേശിക്കുന്നതാണ്. നീ പാപം ചെയ്യാൻ നിൻെറ കാൽ കാരണമാകുന്നെങ്കിൽ അതു വെട്ടിക്കളയുക. രണ്ടു കാലുള്ളവനായി നരകത്തിൽ എറിയപ്പെടുന്നതിനേക്കാൾ ഭേദം മുടന്തനായി ജീവനിൽ പ്രവേശിക്കുന്നതാണ്. നീ പാപം ചെയ്യാൻ നിൻെറ കണ്ണു കാരണമാകുന്നുവെങ്കിൽ അത് ചൂഴ്ന്നെടുത്തുകളയുക. ഇരുകണ്ണുകളുമായി നരകത്തിൽ പ്രവേശിക്കുന്നതിനേക്കാൾ ഭേദം ഒറ്റക്കണ്ണുമായി ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതാണ്. ആ നരകത്തിൽ അവരുടെ പുഴുക്കൾ നശിക്കുന്നില്ല. തീ കെടുന്നുമില്ല. കാരണം, എല്ലാവരിലും തീ കൊണ്ട് ഉപ്പു ചേർക്കും' (മാർക്കോസ് 9:43-50).

### ഖുർആൻ, മരണാനന്തര ജീവിതത്തെപ്പറ്റി

വിശുദ്ധ ഖുർആനിൽ മരണാനന്തര ജീവിതത്തിൻെറ സത്യത ഊന്നിയൂന്നിപ്പറയുകയും സ്വർഗപ്രാപ്തിക്കുവേണ്ടി പരിശ്രമിക്കേണ്ടതിൻെറ ആവശ്യകതയെ യുക്തിയുക്തം സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. സത്യത്തിൽ, പരലോകജീവിതത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിനെപ്പോലെ വിശദമായി പ്രതിപാദിച്ചിട്ടുള്ള മറ്റൊരു ഗ്രന്ഥമില്ല. മരണാനന്തരജീവിതത്തെ നിഷേധിക്കുന്നവർക്കുള്ള മറുപടിയും പ്രസ്തുത ജീവിതത്തെ സമർഥിക്കുന്ന പ്രതിപാദനങ്ങളും മാത്രമല്ല ഖുർആനിലുള്ളത്. സ്വർഗജീവിതത്തിലെ ആനന്ദപ്രദമായ അനുഭവങ്ങളെയും നരകത്തിലെ പ്രയാസങ്ങളെയും കുറിച്ച് വിശദമായ പരാമർശങ്ങൾ ഖുർആനിലുണ്ട്. ഏതാനും ഖുർആൻ സൂക്തങ്ങളുടെ സാരം ശ്രദ്ധിക്കുക:



'ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിൻെറ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആര് നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കപ്പെടുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല' (ആലുഇംറാൻ: 185).

'വിശ്വസിക്കുകയും സദ്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് താഴ്ഭാഗത്തുകൂടി നദികളൊഴുകുന്ന സ്വർഗത്തോപ്പുകൾ ലഭിക്കാനുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുക' (അൽബഖറ: 25).

'അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുതള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും' (അൽബഖറ: 39).

'സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിൻെറ അവസ്ഥ എങ്ങനെയെന്നാൽ അതിൽ പകർച്ച വരാത്ത വെള്ളത്തിൻെറ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിൻെറ അരുവികളും കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിൻെറ അരുവികളും ശുദ്ധീകരിക്കപ്പെട്ട തേനിൻെറ അരുവികളുമുണ്ട്. അവർക്കതിൽ എല്ലാത്തരം കായ്കനികളുമുണ്ട്. തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവുമുണ്ട്. (ഈ സ്വർഗവാസികളുടെ അവസ്ഥ) നരകത്തിൽ നിത്യവാസിയായിട്ടുള്ളവനെപ്പോലെ ആയിരിക്കുമോ? അത്തരക്കാർക്കാകട്ടെ കൊടുംചൂടുള്ള വെള്ളമായിരിക്കും കുടിക്കാൻ നൽകപ്പെടുക. അങ്ങനെ അത് അവരുടെ കുടലുകളെ ഛിന്നഭിന്നമാക്കിക്കളയും' (മുഹമ്മദ്: 15).

### ദൈവദൂതന്മാരുടെ വ്യക്തിത്വം

മതങ്ങളെല്ലാം പൊതുവെ മരണാനന്തരജീവിതത്തെയും സ്വർഗനരകങ്ങളെയും കുറിച്ച് ഒരേ വീക്ഷണമാണുൾക്കൊള്ളുന്നതെന്ന് നാം മനസ്സിലാക്കി. ദൈവത്തിങ്കൽനിന്ന് സന്ദേശങ്ങൾ ലഭിച്ചതിൻെറ

അടിസ്ഥാനത്തിലാണ് ഞങ്ങൾ മരണാനന്തരജീവിതം സത്യമാണെന്ന് പറയുന്നതെന്നാണ് പ്രവാചകന്മാരെല്ലാംതന്നെ അവകാശപ്പെടുന്നത്. മരണത്തിനുശേഷം ഒരു ജീവിതമുണ്ടെന്നും അവിടെ രക്ഷാശിക്ഷകളുണ്ടെന്നും തങ്ങൾ സ്വയം ഗവേഷണം നടത്തി കണ്ടെത്തിയതാണെന്ന് ഒരു പ്രവാചകനും അവകാശപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ പ്രവാചകന്മാർ പറഞ്ഞത് ശരിയാണോയെന്ന് പരിശോധിക്കുവാനായി ഭൗതികമായ പരീക്ഷണങ്ങളുപയോഗിക്കുവാൻ സാധ്യമല്ല. പിന്നെയെന്താണൊരു പോംവഴി? തങ്ങൾക്ക് ദൈവിക ബോധനം ലഭിക്കുന്നുണ്ടെന്ന് അവകാശപ്പെട്ടവരുടെ വ്യക്തിത്വം പരിശോധിച്ചുകൊണ്ട് അവർ പറയുന്നത് ശരിയാണോയെന്ന് പരിശോധിക്കാനാവും. ദൈവദൂതന്മാരാണെന്ന് അവകാശപ്പെട്ടവർ കളവു പറയുന്നവരും സ്വാർഥികളും ജനവഞ്ചകരുമായിരുന്നുവെങ്കിൽ അവർ എന്തു പറഞ്ഞാലും അതു മുഖവിലയ്ക്കെടുക്കാതെ നമുക്ക് തള്ളിക്കളയാമായിരുന്നു. തിരിച്ചാണെങ്കിൽ അവർ പറയുന്നത് സത്യമാണെന്ന് നാം അംഗീകരിക്കേണ്ടതായും വരും.

മരണാനന്തര ജീവിതം സത്യമാണെന്നും അവിടെയുള്ള മോക്ഷമാണ് യഥാർഥ മോക്ഷമെന്നും പ്രബോധനം ചെയ്ത പ്രവാചകന്മാരുടെയെല്ലാം വ്യക്തിത്വം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് അവർ കളവു പറയുവാൻ യാതൊരു സാധ്യതയുമില്ലെന്ന കാര്യമാണ്. അവരുടെയെല്ലാം മുഴുവൻ ജീവിതവും സത്യസന്ധത, ശ്രേഷ്ഠത, ചിന്ത, സന്മാർഗനിഷ്ഠ, പരിശുദ്ധ പ്രകൃതി, ഉൽകൃഷ്ടാദർശം, ഉയർന്ന മനുഷ്യത്വം എന്നിവക്ക് ഉദാത്തമായ മാതൃകയായിരുന്നു. പ്രവാചകന്മാരെ എതിർക്കുകയും നാട്ടിൽനിന്ന് ആട്ടിപ്പുറത്താക്കുകയും കൊലപ്പെടുത്താൻ തന്ത്രങ്ങളാവിഷ്കരിക്കുകയും ചെയ്തവർതന്നെ അവരുടെ ജീവിതത്തിന്റെ വിശുദ്ധി അംഗീകരിച്ചവരായിരുന്നു. അവരുടെ ജീവിതത്തിന്റെ വിവിധ രംഗങ്ങളിലെവിടെയെങ്കിലും ഒരു ന്യൂനത കണ്ടുപിടിക്കാൻ സമകാലികരായ പ്രതിയോഗികൾക്കൊന്നും കഴിഞ്ഞില്ലെന്ന വസ്തുതതന്നെ അവർ എന്തു മാത്രം പരിശുദ്ധരും നിസ്വാർഥികളുമായിരുന്നുവെന്ന് മനസ്സിലാക്കിത്തരുന്നുണ്ട്. സ്വയം കഷ്ടനഷ്ടങ്ങൾ സഹിച്ചതും കൂട്ടുകുടുംബാദികളാൽ ത്യജിക്കപ്പെട്ടതും നാട്ടിൽനിന്നോടിക്കപ്പെട്ടതും വധശിക്ഷക്കുവിധേയമാക്കപ്പെട്ടതുമെല്ലാം സമൂഹത്തിന്റെ നന്മക്കും ശാശ്വത വിജയത്തി



നും വേണ്ടി ശ്രമിച്ചുവെന്ന കാരണത്താൽ മാത്രമായിരുന്നു. ഭൗതികമായ യാതൊരു നേട്ടവും ആഗ്രഹിക്കാതെ സമൂഹത്തിന്റെ നന്മക്കു വേണ്ടി യത്നിച്ചവരായിരുന്നു അവർ. രാജ്യത്തിന്റെ അധികാരം, സുന്ദരികളായ സ്ത്രീകൾ, ഇഷ്ടംപോലെ സമ്പത്ത് തുടങ്ങിയവ ത്യജിച്ചുകൊണ്ട് മുൾക്കിരീടത്തിന്റെ മാർഗം തെരഞ്ഞെടുത്തവരെ സംബന്ധിച്ച് സ്വാർഥികളായിരുന്നുവെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? അതുപോലെതന്നെ, പ്രവാചകന്മാരാരും വഞ്ചകന്മാരായിരുന്നില്ല. അവരാരെങ്കിലും സമൂഹത്തിലെ ആരെയെങ്കിലും വഞ്ചിച്ചതായി ചരിത്രം പഠിപ്പിക്കുന്നില്ല. വാഗ്ദത്തപാലകരും സത്യസന്ധരും പരിശുദ്ധരുമായിരുന്നു പ്രവാചകന്മാർ. എല്ലാ പ്രശ്നങ്ങളിലും സമീപനങ്ങളിലും ഋജുവും ശ്രേഷ്ഠവും സംശയരഹിതവുമായ മാർഗമായിരുന്നു അവർ സ്വീകരിച്ചിരുന്നത്. സമൂഹത്തിന് സാരോപദേശങ്ങൾ നൽകുക മാത്രമല്ല, അവ സ്വജീവിതത്തിൽ പകർത്തിക്കാണിച്ചുകൊടുക്കുകകൂടി ചെയ്തിരുന്നു അവർ.

ഈ സ്വഭാവ വൈശിഷ്ട്യങ്ങളെല്ലാംതന്നെ പ്രവാചകന്മാർ പറയുന്നത് അസത്യമാകാനുള്ള സാധ്യതയില്ലെന്ന് വ്യക്തമാക്കാൻ പോന്നതാണ്. സ്വന്തമായി കള്ളമോ വഞ്ചനയോ സ്വാർഥതയോ ശീലിച്ചിട്ടില്ലാത്ത ഒരാൾ സമൂഹത്തിൽ ത്യാഗങ്ങൾ സഹിച്ചുകൊണ്ട് ഒരു ‘പച്ചക്കള്ളം’ പ്രചരിപ്പിക്കുവാനുള്ള സാധ്യത തീരെയില്ലെന്നുതന്നെ പറയാം. അതുകൊണ്ടുതന്നെ തങ്ങൾക്ക് ദൈവികബോധനം ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് തങ്ങൾ സംസാരിക്കുന്നതെന്നുമുള്ള പ്രവാചകന്മാരുടെ അവകാശവാദം കളവാകുവാനുള്ള സാധ്യത തീരെ വിരളമാണ്. മരണാനന്തരജീവിതത്തെക്കുറിച്ച പ്രവാചക വചനങ്ങൾ നൂറുശതമാനം സത്യസന്ധമാണെന്ന് പറയുവാനുള്ള കാരണം ഇതാണ്.

ഇതിലുപരി തങ്ങൾ ദൈവദൂതന്മാരാണെന്നതിന് വ്യക്തമായ ദൃഷ്ടാന്തങ്ങളുമായിട്ടായിരുന്നു അവർ ജനങ്ങളെ അഭിമുഖീകരിച്ചിരുന്നത്. പ്രവാചകന്മാർ ജീവിച്ചിരുന്ന സമൂഹത്തിന്റെ ബുദ്ധിപരവും വൈജ്ഞാനികവുമായ കഴിവുകളെ വെല്ലുവിളിക്കുന്നതായിരുന്നു പ്രസ്തുത ദൃഷ്ടാന്തങ്ങൾ. ഓരോ സമൂഹത്തിനും അതിനനുസരിച്ച ദൃഷ്ടാന്തങ്ങളാണ് നൽകപ്പെട്ടത്. ഈ ദൃഷ്ടാന്തങ്ങൾക്ക് മുമ്പിൽ

സമൂഹത്തിൻെറ കഴിവുകളും അറിവുകളും മുട്ടു കുത്തി. മോശെ പ്രവാചകൻെറ, ദൈവകൽപനപ്രകാരം നിലത്തിട്ടാൽ പാമ്പാകുന്ന വടിക്കു മുമ്പിൽ അന്നത്തെ സകലവിധ ജാലവിദ്യക്കാരും തോൽവി സമ്മതിച്ചു. യേശു കാണിച്ച, മരിച്ചവരെ ജീവിപ്പിക്കുക തുടങ്ങിയ അമാനുഷിക കഴിവുകൾക്കു മുമ്പിൽ അന്നുണ്ടായിരുന്ന സകല ഭിഷഗ്വരന്മാരും മുട്ടുമടക്കി. ഭാരതീയ ഋഷിമാരും തങ്ങൾക്ക് ദൈവ ബോധനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുന്നതിനുവേണ്ടി ദൈവിക ദൃഷ്ടാന്തങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടായിരിക്കണം. സമൂഹത്തിൻെറ വളർച്ചക്കനുസരിച്ച ദൃഷ്ടാന്തങ്ങളാണ് ഓരോ പ്രവാചകനും നൽകപ്പെട്ടത്. തങ്ങൾ ദൈവത്തിൻെറ പ്രവാചകന്മാരാണെന്നതിനും തങ്ങളുടെ ഉപദേശങ്ങൾ ദൈവികബോധനത്തിൻെറ അടിസ്ഥാനത്തിലുള്ളതാണെന്നും വ്യക്തമാക്കുന്നതിന് പര്യാപ്തമായ തെളിവുകളായിരുന്നു അവ.

ലോകത്ത് എവിടെയെല്ലാം മനുഷ്യരുണ്ടോ അവിടെയെല്ലാം സ്വർഗത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും നരകത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നതിനുവേണ്ടി ദൈവദൂതന്മാർ കടന്നുവന്നിട്ടുണ്ട്. പ്രവാചകൻെറ നിയോഗമില്ലാതെ ഒരൊറ്റ സമൂഹവും കഴിഞ്ഞുപോയിട്ടില്ല. സെമിറ്റിക് വർഗങ്ങൾക്കിടയിലും ആഫ്രിക്കക്കാർക്കിടയിലും ഭാരതീയരിലേക്കുമെല്ലാം ദൈവദൂതന്മാർ കടന്നുവരികയും മരണാനന്തര ജീവിതത്തെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരലോകത്തെക്കുറിച്ച് ബോധവാന്മാരാക്കുക മാത്രമല്ല, പ്രവാചകന്മാർ ചെയ്തത്. പ്രത്യുത, പരലോകമോക്ഷത്തിന്, അഥവാ നരകത്തിൽനിന്ന് രക്ഷപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നതിന്, എന്തു ജീവിതരീതിയാണ് പിന്തുടരേണ്ടതെന്ന് പ്രായോഗികമായി കാണിച്ചുകൊടുക്കുകകൂടി ചെയ്തിട്ടുണ്ട്, അവർ. അടിസ്ഥാനപരമായി ഒരേ തത്ത്വങ്ങൾതന്നെയാണ് അവരെല്ലാം പഠിപ്പിച്ചത്. ജനങ്ങളിൽ സത്യസന്ധതയും ആത്മാർഥതയും വളർത്തി പരലോകത്തിലെ ശിക്ഷയിൽനിന്ന് അവരെ മോചിപ്പിക്കുകയും രക്ഷക്കുവേണ്ടി പ്രാപ്തരാക്കുകയും ചെയ്യുകയായിരുന്നു പ്രവാചകന്മാരുടെയെല്ലാം ആഗമനോദ്ദേശ്യം. അതിനാവശ്യമായ നിയമനിർദേശങ്ങളും കർമപരിപാടികളുമാണ് അവർ പഠിപ്പിച്ചത്.



**അന്ത്യപ്രവാചകനെക്കുറിച്ച പ്രവചനങ്ങൾ**

വ്യത്യസ്ത സമൂഹങ്ങളിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരുടെ പ്രബോധന ദൗത്യം അവർ നിയോഗിക്കപ്പെട്ട സമൂഹങ്ങളിൽ മാത്രമാണ് ഒതുങ്ങിനിന്നത്. സമുദായങ്ങൾ തമ്മിൽ ഇന്നത്തേതുപോലെയുള്ള ബന്ധങ്ങളോ അടുപ്പമോ ഇല്ലാതിരുന്ന അക്കാലത്ത് അതുമാത്രമായിരുന്നു പ്രായോഗികമായ നടപടി. ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത സമൂഹങ്ങളിൽ ജീവിച്ച വ്യത്യസ്തരായ പ്രവാചകന്മാരുണ്ടായിരുന്നു. ലോകത്തിനു മുഴുവൻ സ്വീകരിക്കാൻ പറ്റുന്ന സന്ദേശങ്ങളുമായി വരാനിരിക്കുന്ന ഒരു മഹാപ്രവാചകനെക്കുറിച്ച് ദൈവദൂതന്മാരെല്ലാം സന്തോഷ വാർത്ത അറിയിച്ചിട്ടുണ്ട്. തങ്ങളുടെ ദൗത്യം ഒരു പ്രത്യേക ദേശത്തിലെയോ സമൂഹത്തിലെയോ മനുഷ്യരോട് മാത്രമാ ണെന്നും അന്ത്യപ്രവാചകനാകട്ടെ ലോകത്തിന് മുഴുവൻ സ്വീകരിക്കാൻ പറ്റുന്ന ആചാരങ്ങളും വിശ്വാസങ്ങളുമാണ് പഠിപ്പിക്കുകയെന്നും പ്രവാചകന്മാർ പ്രവചിച്ചതായി കാണാൻ കഴിയും. ബൈബിളിൻെറ പഴയതും പുതിയതുമായ നിയമപുസ്തകങ്ങളിലും ഹൈന്ദവപുരാണങ്ങളിലുമെല്ലാം വരാനിരിക്കുന്ന ഒരു മഹാപ്രവാചകനെക്കുറിച്ച പരാമർശങ്ങൾ കാണാവുന്നതാണ്.

വരാനിരിക്കുന്ന പ്രവാചകന്മാരെക്കുറിച്ച് വ്യാസമുനി പ്രവചിച്ചത് ഇങ്ങനെയാണ്:

*“ഏത സ്മിന്നന്തരേ മ്ലേഛ ആചാര്യേണ സമന്വിത*
*മഹാമദ ഇതിഖ്യാദഃ ശിഷ്യ ശാഖാ സമന്വിതം”*

(അപ്പോൾ മഹാമദ എന്ന പേരിൽ വിദേശിയായ ഒരു ആചാര്യൻ തൻെറ അനുചരന്മാരോടുകൂടി പ്രത്യക്ഷപ്പെടും - ഭവിഷ്യൽപുരാണം 3:3:3:5).

ഈ വിശ്വാചാര്യൻെറ അനുയായികളുടെ സ്വഭാവ സവിശേഷതകളെക്കുറിച്ചും സാംസ്കാരിക ചിഹ്നങ്ങളെക്കുറിച്ചുപോലും ഭവിഷ്യൽ പുരാണം പ്രവചിക്കുന്നുണ്ട്. അതിങ്ങനെയാണ്:

*“ലിംഗഛേദി ശിഖാ ഹീനഃ ശ്മശ്രുധാരി സദുഷക*
*ഉച്ചാലപീ സർവ്വ ഭക്ഷി ഭവിഷ്യതി ജനമോം*
*വിന കൗശലം ചവ ശവസ്തോ ഷാ ഭക്ഷയാ മതാമാം*

*മുസൈലൈനവ സംസ്കാരഃ കുശൈരി ഭവ വിശ്വതി*

*തസ്മാൽ മുസല വന്തോഹി ജാതയോ ധർമ്മ ദൂഷകഃ*

*ഇതിപൈശാച ധർമ്മശ്ച ഭവിഷ്യതി മായാകൃത"*

(അദ്ദേഹത്തിൻെറ അനുയായികൾ ചേലാകർമം ചെയ്യും. അവർ കുടുമ വെക്കുകയില്ല. അവർ താടി വളർത്തും. അവർ വിപ്ലവകാരികളായിരിക്കും. പ്രാർഥനക്കു വരാൻ ഉറക്കെ ആഹ്വാനം ചെയ്യും. പന്നിയെയൊഴിച്ച് മറ്റു മിക്ക മൃഗങ്ങളെയും അവർ ഭക്ഷിക്കും. ശുദ്ധി ചെയ്യാൻ ദർഭ ഉപയോഗിക്കുന്നതിനു പകരം സമരം ചെയ്ത് അവർ പരിശുദ്ധരാകും. മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുന്നതിനാൽ മുസൈലൈനവന്മാർ എന്നവർ അറിയപ്പെടും. ഈ മാംസഭുക്കുകളുടെ ആവിർഭാവം എന്നിൽനിന്നായിരിക്കും -ഭവിഷ്യൽ പുരാണം 3:3:3:25-28).

മോശെ പ്രവാചകന് അന്ത്യപ്രവാചകനെക്കുറിച്ച് ദൈവം നൽകുന്ന വാഗ്ദാനത്തെക്കുറിച്ച് ബൈബിൾ പഴയ നിയമം പറയുന്നതിങ്ങനെയാണ്: "നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽനിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എൻെറ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കൽപിക്കുന്നവയെല്ലാം അയാൾ അവരോട് സംസാരിക്കും. അയാൾ എൻെറ നാമത്തിൽ ഉച്ചരിക്കുന്ന എൻെറ വാക്കുകൾ ചെവിക്കൊള്ളാത്തവനോട് ഞാൻതന്നെ കണക്കുചോദിക്കും" (ആവർത്തനം 18:18, 19)

യേശുക്രിസ്തുവും വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് ഇങ്ങനെ ദീർഘദർശനം ചെയ്തു:

"എങ്കിലും സത്യം ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ പോകുന്നത് നിങ്ങളുടെ നന്മക്കാണ്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ, അവനെ നിങ്ങളുടെ അടുക്കലേക്ക് ഞാനയക്കും. അവൻ വരുമ്പോൾ പാപത്തെയും നീതിയെയും ന്യായവിധിയെയുംപറ്റി ലോകത്തെ ബോധ്യപ്പെടുത്തും" (യോഹന്നാൻ 16:7,8). 'ഇനിയും പല കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അതു താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ നിന്ന്



ഒന്നുമവൻ പറയുകയില്ല. എന്നാൽ, താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോടു പ്രഖ്യാപിക്കും" (യോഹന്നാൻ 16:12,13).

അന്ധകാരത്തിൽനിന്ന് ലോകത്തെ മോചിപ്പിക്കുന്ന സൂര്യനെപ്പോലെ ശാന്തസുന്ദരമായ ഒരു ലോകത്തിൻെറ ഉദയവുമായി പ്രത്യക്ഷപ്പെടാനിരിക്കുന്ന മഹാനായ ആചാര്യനെ കാത്തിരിക്കുകയായിരുന്നു ഭാരതീയർ. ഭവിഷ്യൽ പുരാണത്തിൽ അവസാനം വരാനിരിക്കുന്ന ആചാര്യനെ 'മഹാമദ്' എന്ന് വിളിച്ചപ്പോൾ വിഷ്ണുപുരാണം (വിഷ്ണുപുരാണം അംശം 4 അധ്യായം 24) അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത് കൽക്കി അവതാരം എന്നാണ്. അഥർവവേദത്തിലെ (അഥർവവേദം 20: 127) കുന്തപസൂക്തമാകട്ടെ 'വാഴ്ത്തപ്പെടുന്നവൻ എന്നാണ് അദ്ദേഹത്തെക്കുറിച്ച് പരാമർശിക്കുന്നത്.

കലിയുഗത്തിൽ, ഒരു മണൽദ്വീപിൽ വിഷ്ണുഭഗത്തിൻെറയും (ദൈവദാസൻ) സുമതിയുടെയും (വിശ്വസ്ത) മകനായി ജനിച്ച് ലോകത്തിന് വെളിച്ചം നൽകുന്നവനാണ് കൽക്കി. ഒട്ടകങ്ങളുടെ ലോകത്തുനിന്നും ലോകത്തിൻെറ വിമോചകനായി പ്രത്യക്ഷപ്പെടുന്നയാളാണ് അഥർവവേദത്തിലെ വാഴ്ത്തപ്പെട്ടവൻ. സർവലോകത്തിനും സ്വീകരിക്കാൻ പറ്റുന്ന സന്ദേശങ്ങളുമായി കടന്നുവരാനിരിക്കുന്ന ഒരു മഹാപുരുഷനെക്കുറിച്ച സങ്കൽപം ഭാരതീയ ദാർശനിക ഗ്രന്ഥങ്ങളിലുടനീളം കാണാനാവുമെന്ന് സാരം.

മോശെയുടെ അനുയായികളായ ഇസ്രായീല്യരാകട്ടെ, മോശെയെപ്പോലുള്ള പ്രവാചകൻ വരുമെന്ന ആവർത്തനപുസ്തകത്തിലെ പ്രവചനത്തിൻെറ പൂർത്തീകരണം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഇസ്രായീല്യരുടെ സഹോദരന്മാർക്കിടയിൽനിന്ന് ഉയർത്തപ്പെടുന്ന മഹാപ്രവാചകൻെറ ആഗമനമായിരുന്നു അവർ കാത്തിരുന്നത്. ആ പ്രവാചകനെക്കുറിച്ചുതന്നെ മറ്റു പല ദൈവദൂതന്മാരും പ്രവചനം നടത്തിയതായി കാണാം. യിരെമ്യാ പ്രവാചകൻ പറഞ്ഞതിങ്ങനെയാണ്:

"സമാധാനം പ്രവചിക്കുന്ന പ്രവാചകൻെറ കാര്യത്തിലാകട്ടെ, അയാളുടെ വചനം സത്യമായി തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്ന് അറിയാം" (യിരെമ്യാ 8:9). മോശെയെപ്പോലെയുള്ള

പ്രവാചകനെക്കുറിച്ച് ഉൽപത്തി പുസ്തകത്തിൻെറ പ്രസ്താവന കാണുക:

“ അവകാശി വരുവോളം ചെങ്കോൽ യഹൂദായിൽനിന്ന് ഒഴിഞ്ഞുപോകുകയില്ല. രാജദണ്ഡ് അയാളുടെ പാദങ്ങൾക്കിടയിൽനിന്ന് മാറുകയില്ല. ജനതകളുടെ വിധേയത്വം അയാളോടായിരിക്കും” (ഉൽപത്തി 49:10).

മോശെക്കുശേഷം വന്ന പ്രവാചകന്മാരുടെയെല്ലാം വ്യക്തിത്വവും വിലാസവും ഇസ്രായീല്യർ പരിശോധിച്ചു. അവരാരുംതന്നെ ‘മോശെയെപ്പോലെയുള്ള പ്രവാചകൻ’ എന്ന വിശേഷണത്തിന് അർഹരല്ലെന്ന് അവർ മനസ്സിലാക്കി. മോശെ മുതൽ യേശുവരെയുള്ള പ്രവാചകന്മാരെല്ലാവരും ഇസ്രായീല്യർക്കിടയിൽനിന്ന് വന്നവരായിരുന്നു. ഇസ്രായീല്യരുടെ സഹോദരന്മാർക്കിടയിൽനിന്നല്ല. മോശെക്കു നൽകപ്പെട്ടതുപോലെയുള്ള നിയമങ്ങളോ മറ്റോ നൽകപ്പെട്ടവരുമായിരുന്നില്ല അവർ. സമാധാനം പ്രവചിക്കുകയും പ്രവാചകത്വത്തിൻെറ ചെങ്കോൽ യഹൂദികളിൽനിന്ന് നീക്കിക്കളയുകയും ചെയ്യുന്ന ആ പ്രവാചകൻെറ ആഗമനം കാത്തിരിക്കുകയായിരുന്നു അവർ. ഇസ്രായീല്യർക്കിടയിലേക്ക് അയക്കപ്പെടുന്ന അവസാനത്തെ ദൈവദൂതനായ യേശുവെയും ലോകത്തിനു മുഴുവനുമായി വരാനിരിക്കുന്ന ആ പ്രവാചകനെയും കുറിച്ച് യഹൂദന്മാർക്ക് മുന്നറിയിപ്പ് നൽകപ്പെട്ടിരുന്നു. തങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ഓരോ പ്രവാചകന്മാരോടും യഹൂദർ ചോദിച്ചു: നിങ്ങൾ ക്രിസ്തുവാണോ; ആ പ്രവാചകനാണോ, എന്ന്. ഇക്കാര്യം യേശുവിന് മുമ്പുവന്ന യോഹന്നാൻ സ്നാപകനോട് യഹൂദപുരോഹിതന്മാർ നടത്തിയ സംഭാഷണത്തിൽനിന്ന് സുതരാം വ്യക്തമാകുന്നുണ്ട്. അവർ ചോദിച്ചു: ‘നീ ക്രിസ്തുവാണോ?’ ‘ഞാൻ ക്രിസ്തുവല്ല’ എന്നയാൾ ഏറ്റുപറഞ്ഞു. അവർ അയാളോടു ചോദിച്ചു: ‘എങ്കിൽ നീ പിന്നെ ആരാണ്? ഏലിയായോ?’ അയാൾ പറഞ്ഞു: ‘അല്ല’. ‘നീ ആ പ്രവാചകനാണോ?’ അയാൾ മറുപടി പറഞ്ഞു: ‘അല്ല’. (യോഹന്നാൻ 1:20-23). യേശുവിനു ശേഷവും യഹൂദന്മാർ ‘ആ പ്രവാചകനെ’ കാത്തിരിക്കുകയായിരുന്നു.

ഇസ്രായീലിലെ അവസാനത്തെ പ്രവാചകനായി യേശുവും ലോകത്തിലേക്ക് വന്നു. അദ്ദേഹം ഇസ്രായീല്യരിലേക്ക് മാത്രം അയക്കപ്പെട്ട പ്രവാചകനായിരുന്നു. ‘ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് എന്നെ അയച്ചിരിക്കുന്നത്’ (മത്തായി 15:24) എന്ന ക്രിസ്തുവചനത്തിൽ അദ്ദേഹത്തിൻെറ ദൗത്യം യഹൂദർക്കിടയിൽമാത്രം പരിമിതമായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. അദ്ദേഹവും മോശെയെപ്പോലെയുള്ള പ്രവാചകനായിരുന്നില്ല. മോശെയുടെ ജനനം സാധാരണ രീതിയിലായിരുന്നു (പിതാവിൻെറയും മാതാവിൻെറയും സംഗമത്തിൽനിന്ന്). യേശു പിതാവില്ലാതെ തികച്ചും അസാധാരണ നിലയിലാണ് ജനിച്ചത്. മോശെക്ക് ഭാര്യയും മക്കളും ഉണ്ടായിരുന്നുവെങ്കിൽ യേശുവിന് അതൊന്നും ഉണ്ടായിരുന്നില്ല. മോശെപ്രവാചകൻ ഭരണാധികാരികൂടിയായിരുന്നുവെങ്കിൽ യേശു പ്രവാചകൻ മാത്രമായിരുന്നു. മോശെക്ക് ന്യായപ്രമാണം നൽകപ്പെട്ടു. യേശുവാകട്ടെ മോശെയുടെ ന്യായപ്രമാണത്തെ അംഗീകരിക്കുക മാത്രമാണ് ചെയ്തത്. മാത്രവുമല്ല, യേശു ഇസ്രായീല്യർക്കിടയിൽ നിന്ന് വന്ന പ്രവാചകനായിരുന്നു; ഇസ്രായീല്യരുടെ സഹോദരന്മാർക്കിടയിൽനിന്നല്ല. അതുകൊണ്ടുതന്നെ ആവർത്തന പുസ്തകത്തിൽ പ്രവചിക്കപ്പെട്ട മോശെയെപ്പോലെയുള്ള പ്രവാചകൻ യേശുവായിരുന്നില്ല.

വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് ക്രിസ്തു പ്രവചിച്ച കാര്യങ്ങൾ പറഞ്ഞുവല്ലോ. “ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്ക് വരികയില്ല” എന്നാണ് യേശു പ്രവചിച്ചത്. ഇവിടെ ‘സഹായകൻ’ എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഗ്രീക്കിലെ ‘പാരക്ലീറ്റസ്’ (paracletos) എന്ന പദത്തെയാണ്. ഈ പദവുമായി ശബ്ദസാദൃശ്യമുള്ള പദമാണ് പെരിക്ലിറ്റോസ്’ (periclytos) എന്ന പദം. യേശു സംസാരിച്ചത് ഗ്രീക്ക് ഭാഷയിലല്ലല്ലോ. അദ്ദേഹത്തിൻെറ വചനങ്ങൾ രേഖപ്പെടുത്തപ്പെട്ടത് അദ്ദേഹത്തിന് കുറേ കാലത്തിനു ശേഷമാണ്. അതുകൊണ്ടുതന്നെ ‘പാരക്ലീറ്റസ്’ എന്ന പദത്തിനോ ‘പെരിക്ലിറ്റോസ്’ എന്ന പദത്തിനോ എന്തിന് തുല്യമായ പദമാണ് യേശു പ്രയോഗിച്ചതെന്ന് വ്യക്തമായി മനസ്സിലാക്കുവാൻ നമുക്ക് മാർഗങ്ങളൊന്നുമില്ല. ‘സഹായകൻ’, ‘ആശ്വാസപ്രദൻ’, ‘കാര്യസ്ഥൻ’ എന്നിങ്ങനെ പരിഭാഷപ്പെടുത്തപ്പെടുന്ന പാരക്ലീറ്റസ് എന്നോ ‘സ്തുതിക്കപ്പെട്ടവൻ’ എന്ന് അർഥം വരുന്ന പെരിക്ലിറ്റോസ് എന്നോ വരുന്ന പദമായിരിക്കാം ക്രിസ്തു തനിക്കുശേഷം വരാനിരിക്കുന്ന പ്രവാച

കനെ സൂചിപ്പിക്കുവാൻ വേണ്ടി പ്രയോഗിച്ചത്.

അത് എന്തുതന്നെയായിരുന്നാലും വരാനിരിക്കുന്ന ഒരു മഹാനെ ക്കുറിച്ചാണ് ക്രിസ്തു ദീർഘദർശനം ചെയ്തതെന്ന് തീർച്ചയാണ്. “ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്ക് അയക്കും” എന്ന ക്രിസ്തു വചനത്തിൽനിന്നും ക്രിസ്തുവിന് ശേഷം വരാനിരിക്കുന്ന ഒരാളെക്കുറിച്ചാണ് അദ്ദേഹം പ്രതിപാദിക്കുന്നതെന്ന് വ്യക്തമാണ്. പലപ്പോഴും, ഈ വചനത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത് പരിശുദ്ധാത്മാവാണെന്ന് വ്യാഖ്യാനിക്കപ്പെടാറുണ്ട്. ഈ വ്യാഖ്യാനം ശരിയല്ല. പരിശുദ്ധാത്മാവ് യേശുവിന് മുമ്പും യേശുവിൻെറ കാലത്തുമെല്ലാം ഉണ്ടായിരുന്നയാളാണെന്ന് ബൈബിളിൽനിന്ന് വ്യക്തമാകുന്നുണ്ട്. യോഹന്നാൻ സ്നാപകനോടൊപ്പവും (ലൂക്കോസ് 1:15) എലിസബത്തിനോടൊപ്പവും (ലൂക്കോസ് 1:41) സക്കരിയാവിനോടൊപ്പവും (ലൂക്കോസ് 1:67) ശിമയോനോടൊപ്പവും (ലൂക്കോസ് 2:26) എല്ലാമുണ്ടായിരുന്ന പരിശുദ്ധാത്മാവുതന്നെ യേശു സ്നാനം ചെയ്യുമ്പോൾ അദ്ദേഹത്തിനടുത്തേക്ക് പ്രാവു രൂപത്തിൽ ഇറങ്ങിയതായി (ലൂക്കോസ് 3:22) നാം സുവിശേഷങ്ങളിൽ വായിക്കുന്നു. അതുകൊണ്ടുതന്നെ യേശു പറഞ്ഞ സത്യത്തിൻെറ ആത്മാവ് പരിശുദ്ധാത്മാവ് ആകാൻ യാതൊരു സാധ്യതയുമില്ല. ജനങ്ങളെ സകല സത്യത്തിലും വഴി നടത്തുകയും പാപത്തെയും നീതിയെയും ന്യായവിധിയെയും കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്തുകയും വരാനിരിക്കുന്ന കാര്യങ്ങൾ പ്രവചിക്കുകയും ചെയ്യുന്ന സത്യത്തിൻെറ ആത്മാവാകുന്ന സഹായകനെ -അല്ലെങ്കിൽ സ്തുതിക്കപ്പെട്ടവനെ -കുറിച്ചാണ് ക്രിസ്തു ദീർഘദർശനം നടത്തിയതെന്ന് വ്യക്തം. ആ മഹാനായ പ്രവാചകൻെറ ആഗമനത്തിനായി യേശുവിൻെറ അനുയായികൾ കാത്തിരിക്കുകയായിരുന്നു.

**അവസാനത്തെ ദൈവദൂതൻ**

മാനവരാശി കാത്തിരുന്ന അവസാനത്തെ പ്രവാചകൻെറ ജന്മത്തിന് ഇടം നൽകുവാനുള്ള ഭാഗ്യം സിദ്ധിച്ചത് അറേബ്യക്കാണ്. ക്രിസ്താബ്ദം 570 ആഗസ്റ്റ് 29-ന് ആമിനയുടെയും അബ്ദുല്ലയുടെയും പുത്രനായി മുഹമ്മദ് ജനിച്ചു. ‘ആമിന’ എന്ന പദത്തിൻെറ അർഥം



‘വിശ്വസ്ത’യെന്നും ‘അബ്ദുല്ല’യുടെ അർഥം ‘ദൈവദാസൻ’ എന്നുമാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ദൈവദാസൻെറയും (വിഷ്ണുഭഗത്) വിശ്വസ്തയുടെയും (സുമതി) മകനായിട്ടാണ് കൽക്കി മണൽദ്വീപിൽ അവതരിക്കുകയെന്ന വിഷ്ണുപുരാണത്തിലെ പ്രസ്താവന എത്രമാത്രം കൃത്യമായാണ് മുഹമ്മദ് (ﷺ) നബിയുടെ പിറവിയുമായി യോജിക്കുന്നത്! അറേബ്യ എന്ന മണൽദ്വീപിലാണല്ലോ മുഹമ്മദ് (ﷺ) നബിയുടെ ജനനം. വ്യാസമുനിയുടെ *‘മഹാമദ ഇതി ഖ്യാതഃ’* (മഹാമദ് എന്ന് വിളിക്കപ്പെടുന്നു) എന്ന പ്രവചനം അന്ത്യപ്രവാചകൻെറ നാമം പോലും എത്ര കൃത്യമായാണ് പറഞ്ഞിരിക്കുന്നത്! ‘വാഴ്ത്തപ്പെടുന്നവൻ’, ‘സ്തുതിക്കപ്പെട്ടവൻ’ എന്നിങ്ങനെയാണ് മുഹമ്മദിൻെറ പദപരമായ അർഥം. അഥർവവേദം കുന്തപസൂക്തത്തിലെ ഒട്ടകങ്ങൾക്കിടയിൽനിന്ന് വരുന്ന ‘വാഴ്ത്തപ്പെട്ട’വനെക്കുറിച്ച സൂക്തവും യേശുവിൻെറ പെരിക്ലിറ്റോസിനെ (സ്തുതിക്കപ്പെട്ടവൻ) കുറിച്ച പ്രവചനവും ഒരേപോലെ മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെട്ടതായി നമുക്ക് കാണാൻ കഴിയുന്നു. മോശെയെപ്പോലെയുള്ള പ്രവാചകൻെറ ആഗമനം ഇസ്രായേല്യരുടെ സഹോദരന്മാർക്കിടയിൽ നിന്നാണുണ്ടാവുകയെന്ന ആവർത്തന പുസ്തകത്തിലെ പ്രവചനവും മുഹമ്മദ് നബി(ﷺ)യിൽ പൂർത്തീകരിക്കപ്പെടുന്നു. അബ്രഹാമിൻെറ ദ്വിതീയ പുത്രനായ ഇസ്ഹാക്കിൻെറ സന്തതികളാണ് ഇസ്രയേല്യർ. ആദ്യപുത്രനായ ഇശ്മയേലിൻെറ സന്തതികൾ -ഇശ്മായീല്യർ-ആണ് അറബികൾ. അറബികൾക്കിടയിൽനിന്ന് അഥവാ ഇസ്രായീല്യരുടെ സഹോദരന്മാരായ ഇശ്മായീല്യർക്കിടയിൽനിന്ന് ഉയർത്തപ്പെട്ട മോശെയെപ്പോലെയുള്ള പ്രവാചകൻ മുഹമ്മദ് നബി(ﷺ) അല്ലാതെ മറ്റാരാണ്? ജനനത്തിലും ജീവിതത്തിലും ദൗത്യത്തിലും എല്ലാം മോശെയെപ്പോലെയായിരുന്നു മുഹമ്മദ് നബി (ﷺ). പുതിയ നിയമങ്ങൾ നൽകപ്പെടുകയും രാജ്യഭരണം ഏൽപിക്കപ്പെടുകയും ചെയ്ത മുഹമ്മദ് നബി (ﷺ)യുടെ ജനനവും മരണവും ജീവിതവുമെല്ലാം മോശെയെപ്പോലെ തികച്ചും സാധാരണ രീതിയിലുള്ളതായിരുന്നു. അദ്ദേഹത്തിൻെറ ആഗമനത്തോടെയാണ് ഉൽപത്തി പുസ്തകത്തിൽ പ്രവചിക്കപ്പെട്ടതുപോലെ, പ്രവാചകത്വത്തിൻെറ ചെങ്കോൽ യഹൂദികളിൽനിന്ന് മാറ്റപ്പെട്ടത്.

മുഹമ്മദ് നബി (ﷺ) ഈ ലോകത്തിലെ അവസാനത്തെ മനുഷ്യൻ

വരെയുള്ള സകലരുടെയും പ്രവാചകനാണ്. അദ്ദേഹത്തിൻെറ രഹസ്യവും പരസ്യവുമായ ജീവിതം മുഴുവൻ നമുക്ക് മുമ്പിൽ തുറന്നു വെക്കപ്പെട്ടിരിക്കുന്നു. ലോകത്ത് മറ്റൊരു നേതാവിൻെറയും ജീവിതം അദ്ദേഹത്തിൻെറ ജീവിതത്തെപ്പോലെ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അങ്ങനെ രേഖപ്പെടുത്തപ്പെട്ടാൽ ആദരണീയരായ പല വ്യക്തികളും അനാദരണീയരായി തീരും. പക്ഷേ, പ്രവാചകൻെറ ജീവിതം നോക്കുക. അദ്ദേഹത്തിൻെറ കുളിമുറി മുതൽ കിടപ്പറ വരെയുള്ള മുഴുവൻ ജീവിതവും നമുക്ക് മാതൃകായോഗ്യമാണ്. പരിപൂർണനായ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. മനുഷ്യത്വത്തിൻെറ എല്ലാ ഗുണങ്ങളും അദ്ദേഹത്തിൽ സമ്പൂർണമായി പ്രകാശിച്ചിരുന്നു. പ്രസംഗങ്ങളും ഉപദേശങ്ങളും മാത്രമായിരുന്നില്ല പ്രവാചകൻ ലോകത്തിന് സംഭാവന ചെയ്തത്. സ്വന്തം ജീവിതത്തെത്തന്നെ തൻെറ ആദർശങ്ങൾക്കുള്ള പ്രായോഗിക മാതൃകയാക്കി അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ് അദ്ദേഹത്തിൻെറ ഏറ്റവും വലിയ വിജയം. ലാമാർട്ടിൻ എഴുതി: 'തത്ത്വജ്ഞാനി, പ്രസംഗകൻ, ദൈവദൂതൻ, നിയമനിർമാതാവ്, പോരാളി, ആശയങ്ങളുടെ ജേതാവ്, അബദ്ധസങ്കൽപങ്ങളിൽനിന്ന് മുക്തമായ ആചാരവിശേഷങ്ങളുടെയും യുക്തിബന്ധുരമായ വിശ്വാസപ്രമാണങ്ങളുടെയും പുനഃസ്ഥാപകൻ, ഇരുപത് ഭൗതിക സാമ്രാജ്യങ്ങളുടെ സംസ്ഥാപകൻ -അതായിരുന്നു മുഹമ്മദ്. മനുഷ്യമഹത്വത്തിൻെറ എല്ലാ മാനദണ്ഡങ്ങളും വെച്ച് പരിഗണിക്കുമ്പോൾ നാം വ്യക്തമായും ചോദിച്ചേക്കാം: 'മുഹമ്മദിനേക്കാൾ മഹാനായ മറ്റു വല്ല മനുഷ്യരുമുണ്ടോ?' (La Martin: Historie De La Turquie- Vol II, Page 277)

ജനിക്കുന്നതിനു മുമ്പുതന്നെ പിതാവും ഏഴു വയസ്സുള്ളപ്പോൾ മാതാവും മരണപ്പെട്ട മുഹമ്മദ് തികച്ചും അനാഥനായിട്ടാണ് വളർന്നുവന്നത്. അനാഥനായിരുന്നതിനാൽ അന്ന് അറേബ്യയിൽ ലഭ്യമായിരുന്ന സംരക്ഷണങ്ങൾതന്നെ ലഭിക്കാതെയാണ് അദ്ദേഹം വളർന്നുവന്നത്. വിദ്യാഭ്യാസം അൽപംപോലും ലഭിക്കാത്തതിനാൽ എഴുത്തും വായനയും അറിയാത്തവനായിട്ടാണ് അദ്ദേഹം ജീവിച്ചത്. കുട്ടിക്കാലത്ത് അറബിക്കുട്ടികളോടൊപ്പം ആടു മേയ്ക്കുകയും യുവാവായപ്പോൾ കച്ചവടത്തിൽ ഏർപ്പെടുകയും ചെയ്ത അദ്ദേഹത്തിൻെറ ജീവിതവും സഹവാസവുമെല്ലാം സാധാരണക്കാരായ അറബികളോടൊപ്പമായിരുന്നു. കള്ളുകുടിയന്മാരും പെണ്ണുപിടിയന്മാരും യുദ്ധക്കൊതിയന്മാരും വിഗ്രഹാരാധകരുമായ അറബികളുടെ കൂടെ.എന്നാൽ അവരുടെ ദുസ്വഭാവങ്ങളൊന്നുംതന്നെ അദ്ദേഹത്തിലുണ്ടായിരുന്നില്ല. ഒരിക്കൽപോലും വിഗ്രഹങ്ങൾക്കുമുമ്പിൽ അദ്ദേഹം നമ്രശിരസ്കനായിരുന്നിട്ടില്ല. കളവോ അസഭ്യവാക്കുകളോ അദ്ദേഹത്തിൽനിന്ന് ആരും ശ്രവിച്ചിട്ടില്ല. ഒരിക്കലെങ്കിലും ചതിയോ വഞ്ചനയോ ചെയ്തതായി അദ്ദേഹത്തിൽ ആരും ആരോപിച്ചിട്ടില്ല. അന്യരുടെ ഒരു കാശുപോലും അദ്ദേഹം അന്യായമായി എടുത്തുവെന്ന് ആരും പറഞ്ഞിട്ടില്ല. ദുഃഖിക്കുന്നവരോടൊപ്പം പങ്കുചേരുന്ന പ്രകൃതക്കാരനായിരുന്നു അദ്ദേഹം. അനാഥരെയും അഗതികളെയും സഹായിക്കാൻ അദ്ദേഹം മുമ്പന്തിയിൽ ഉണ്ടായിരുന്നു. വിധവകളുടെ പ്രശ്നങ്ങളെക്കുറിച്ചറിഞ്ഞ് സഹായിക്കാനായി അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരുന്നു. വിശക്കുന്നവർക്ക് ഭക്ഷണം നൽകാനും യാത്രക്കാരെ ശുശ്രൂഷിക്കാനും അദ്ദേഹം ശ്രമിച്ചു. ജനങ്ങൾക്കിടയിൽ ശണ്ഠയും സംഘട്ടനങ്ങളും ഉണ്ടാകുമ്പോൾ സന്ധിക്കും യോജിപ്പിനും വേണ്ടി അദ്ദേഹം പ്രയത്നിച്ചു. എല്ലാവിധ മാലിന്യങ്ങളുടെയും കൂത്തരങ്ങായ ആ സമൂഹത്തിൽ യാതൊരു മാലിന്യവും തൊട്ടുതീണ്ടാത്തവനായി അദ്ദേഹം ജീവിച്ചു. അദ്ദേഹത്തിൻെറ ഈ നല്ല സ്വഭാവങ്ങളെയെല്ലാം സമൂഹം അംഗീകരിച്ചു. അദ്ദേഹത്തിൻെറ വിശ്വസ്തതയിൽ അവർക്കെല്ലാം വലിയ മതിപ്പായിരുന്നു. തൻെറ സത്യസന്ധതക്കുള്ള അംഗീകാരമായി സമൂഹം അദ്ദേഹത്തെ അൽഅമീൻ-വിശ്വസ്തൻ-എന്നായിരുന്നു വിളിച്ചിരുന്നത്.

നാൽപതാമത്തെ വയസ്സിലാണ് മുഹമ്മദി(ﷺ)ന് പ്രവാചകത്വം ലഭിച്ചത്. പ്രപഞ്ചത്തിലെ ഏറ്റവും വലിയ സത്യം അദ്ദേഹം പ്രഖ്യാപിച്ചു. 'ഈ ലോകത്തെ പടയ്ക്കുകയും പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏകനായ അല്ലാഹുവിനെ മാത്രമേ ആരാധിക്കുവാൻ പാടുള്ളൂ. അവൻ അയച്ച പ്രവാചകന്മാരിലെ അവസാനത്തെ കണ്ണിയാണ് ഞാൻ. എന്നെ അനുസരിക്കുക. ഈ ജീവിതത്തിൻെറ അന്ത്യമായ മരണം മറ്റൊരു ജീവിതത്തിൻെറ തുടക്കമാകുന്നു. മരണാനന്തര ജീവിതം -അവിടെവെച്ചാണ് ഇഹലോകത്തിലെ ചെയ്തികൾക്ക് പൂർണമായ പ്രതിഫലം നൽകപ്പെടുക. നന്മകൊണ്ട് ജീവിതം വിമലമാക്കിയവർക്ക് സ്വർഗീയ സുഖാനുഭൂതികൾ. തിന്മകൊണ്ട് ജീവിതം വികൃതമാക്കിയവർക്കോ നരകയാതനകൾ. പരലോകത്തിൽവെച്ച് സ്വർഗം

നേടിയെടുക്കുകയാണ് മനുഷ്യജീവിതത്തിൻെറ പരമമായ ലക്ഷ്യം. ആ ലക്ഷ്യത്തിലെത്തുവാൻ ദൈവദൂതൻെറ ജീവിതരീതി പിൻപറ്റിക്കൊണ്ട് ജീവിക്കുകയാണ് വേണ്ടത്' -ഇതാണ് മുഹമ്മദ് നബി (ﷺ) യുടെ ഉപദേശങ്ങളുടെ രത്നച്ചുരുക്കം.

സത്യത്തിൻെറ പാതയിലൂടെ ചരിക്കുവാൻ ഉപദേശിച്ച മുൻ പ്രവാചകന്മാരെപ്പോലെതന്നെ മുഹമ്മദ് നബി(ﷺ)യും മർദിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്തു. എങ്കിലും സത്യത്തിൻെറ വെളിച്ചം കണ്ട മനുഷ്യർ അതിൽ ആകൃഷ്ടരായി. ഇതു കണ്ട അന്ധകാരത്തിൻെറ ഉപാസകർക്ക് കലിയിളകി. അവർ മർദനങ്ങൾക്ക് ഊക്കുകൂട്ടി. അദ്ദേഹത്തിൻെറ അനുയായികളിൽ പലരും കൊല്ലപ്പെട്ടു. ക്രൂരമായ മർദനങ്ങൾക്ക് അവർ വിധേയരായി. പക്ഷേ, അചഞ്ചലരായി അവർ നിലകൊണ്ടു. ജനിച്ചുവളർന്ന നാടും വീടും ഉപേക്ഷിച്ചുപോവാൻ പ്രവാചകനും അനുയായികളും തയാറാവേണ്ടിവന്നു. അതും നടന്നു-പലായനം. ആദർശം സംരക്ഷിക്കാനായി സ്വന്തം നാടും വീടും കുടുംബാദികളെയുമെല്ലാം ഉപേക്ഷിച്ച് അവർ യാത്രയായി; മദീനയിലെത്തി താമസിച്ചു. അസത്യത്തിൻെറ കാവൽക്കാർ അവിടെയും അദ്ദേഹത്തിന് സ്വൈര്യം കൊടുത്തില്ല. സത്യമതാദർശമനുസരിച്ച് ജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി പ്രവാചകനും അനുയായികൾക്കും അവസാനം വാളെടുക്കേണ്ടിവന്നു. യുദ്ധങ്ങൾ! യുദ്ധങ്ങൾ! സത്യത്തിൻെറ സംരക്ഷണത്തിനുവേണ്ടി നൂറുകണക്കിനാളുകൾക്ക് ജീവൻ കൊടുക്കേണ്ടിവന്നു. അവസാനം സത്യം ജയിക്കുക തന്നെ ചെയ്തു. അറേബ്യ മുഴുവൻ പ്രവാചകൻെറ ആദർശത്തിൻ കീഴിലായി.

ഇരുപത്തിമൂന്നു വർഷക്കാലം കൊണ്ട് എന്തെന്ത് മാറ്റങ്ങളാണ് പ്രവാചകൻ സൃഷ്ടിച്ചതെന്ന് മനസ്സിലാക്കുമ്പോഴേ അദ്ദേഹത്തിൻെറ ആദർശങ്ങൾ എന്തു മാത്രം കുറ്റമറ്റതാണെന്ന് മനസ്സിലാവൂ. മുഹമ്മദ് നബി(ﷺ)യുടെ ആഗമനത്തിനു മുമ്പും പിമ്പുമുണ്ടായിരുന്ന അറേബ്യൻ സമൂഹത്തിൻെറ ചിത്രമൊന്നു പരിശോധിക്കുക. രാഷ്ട്രീയവും സൈനികവുമായി അസംഘടിതരായിരുന്ന, നിയതമായ കൃഷിസൗകര്യങ്ങളൊന്നുമില്ലാതിരുന്നതിനാൽ കാർഷികമായി പിന്നോക്കം നിന്നിരുന്ന, വിദ്യാഭ്യാസ രംഗത്ത് വട്ടപ്പൂജ്യം മാത്രമായിരുന്ന, ചികിൽസാരംഗത്ത് ഒന്നുമല്ലാതിരുന്ന, അന്ധവിശ്വാസങ്ങൾ സൃഷ്ടിച്ച അധ



മത്വം പേറിക്കൊണ്ടിരുന്ന, മദ്യത്തിലും മദിരാക്ഷിയിലും മയങ്ങിക്കിടന്നിരുന്ന, ഗോത്രമഹിമയുടെ പേരിൽ ചോരക്കളങ്ങൾതന്നെ പടക്കാൻ തയാറായിരുന്ന ഒരു സമൂഹം. ഇതാണ് പ്രവാചകനിയോഗത്തിനു മുമ്പുള്ള അറേബ്യയുടെ ചിത്രം.

ഇനി മുഹമ്മദ് നബി(ﷺ)ക്ക് ശേഷമുള്ള അറേബ്യയുടെ ചിത്രം പരിശോധിക്കുക. സംസ്കാരങ്ങളെ വെല്ലുന്ന ഒരു പുതിയ സംസ്കാരത്തിൻെറ വാഹകരെ നമുക്കവിടെ കാണാൻ കഴിയുന്നു. അലക്സാണ്ട്രിയയേക്കാൾ വലിയ സാംസ്കാരിക കേന്ദ്രമായി അറേബ്യ മാറി. ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ അന്നത്തെ അതികായന്മാരായ ഗ്രീക്കുകാരേക്കാൾ ആ രംഗത്ത് ഉയർന്നുനിൽക്കാൻ അവർക്ക് കഴിഞ്ഞു.

നൂറ്റാണ്ടുകളുടെ രാഷ്ട്രീയ നായകത്വമുണ്ടായിരുന്ന റോമിനെയും പേർഷ്യയെയും അവർ വിറപ്പിച്ചു. ഗോത്രകലഹങ്ങളിൽ തമ്മിൽ ചോരചിന്തിയിരുന്ന അവർ ഐക്യത്തിൻെറ ധ്വജവാഹകരായി മാറി. ധർമവും അധർമവും എന്താണെന്നറിയാതിരുന്ന അവർ ധാർമിക തത്ത്വങ്ങളുടെ പ്രചാരകരായി. ഇതാണ് പ്രവാചകൻ സൃഷ്ടിച്ച വിപ്ലവം. സാംസ്കാരിക രംഗത്ത് വട്ടപ്പൂജ്യമായിരുന്ന ഒരു ജനതയെ വെറും ഇരുപത്തിമൂന്ന് വർഷക്കാലം കൊണ്ട് സംസ്കാരത്തിൻെറ പരമോന്നത ശീർഷത്തിലെത്തിക്കാൻ കഴിഞ്ഞ പ്രവാചകൻെറ വിപ്ലവത്തിനു തുല്യമായ ഒരു വിപ്ലവം ലോകചരിത്രത്തിൽ എവിടെയെങ്കിലും കാണാനാവുമോ?

എങ്ങനെയാണ് പ്രവാചകൻ ഇത്ര ഉദാത്തമായൊരു മാറ്റം സാധിച്ചെടുത്തത്? ജനമനസ്സുകളിൽ ദൈവവിശ്വാസവും പരലോകബോധവും വളർത്തുകയാണ് പ്രവാചകൻ ചെയ്തത്. അനശ്വരമായ മരണാനന്തര ജീവിതത്തിലേക്കുള്ള കൃഷിയിടം മാത്രമാണ് ഈ ലോകജീവിതമെന്ന വിശ്വാസം വളർന്നുവന്നപ്പോൾ ഇഹത്തിൽ എന്തു ത്യാഗം സഹിച്ചും പരലോക സൗഖ്യം നേടണമെന്ന ആഗ്രഹം അവരിലുണ്ടായി. സ്രഷ്ടാവും സംരക്ഷകനുമായ തമ്പുരാന് സ്വന്തം ജീവിതം സമർപ്പിക്കുവാൻ അവർ തയാറായി. പടച്ചതമ്പുരാൻെറ വിധിവിലക്കുകൾ അംഗീകരിച്ചുകൊണ്ട്, അത് ജീവിതത്തിൽ പൂർണമായും പാലിച്ചുകൊണ്ടു മുന്നോട്ടുപോകാൻ അവർ സന്നദ്ധരായപ്പോൾ അവർ

മനുഷ്യത്വത്തിൻെറ ഉജ്ജ്വലഭാവങ്ങളിലെത്തി. ദൈവത്തിന് സ്വജീവിതത്തെ സമ്പൂർണമായി സമർപ്പിക്കുക വഴി മനുഷ്യത്വത്തിൻെറ ഉദാത്തീകരണം സാധിച്ചവരായി -മുസ്‌ലിംകളായി മാറി അവർ. 'ഇസ്‌ലാം' എന്ന പദത്തിന് അർഥം, സമർപ്പണം, സമാധാനം എന്നിങ്ങനെയാണ്. സർവശക്തന് സ്വന്തം ജീവിതത്തെ സമ്പൂർണമായി സമർപ്പിക്കുകവഴി കൈവരുന്ന സമാധാനമാണ് ഇസ്‌ലാം എന്ന് പറയാം. മുഹമ്മദ് നബി(ﷺ)യെക്കുറിച്ച് യിരെമ്യാ ദീർഘദർശിയുടെ പ്രവചനം ഓർക്കുക: "സമാധാനം പ്രവചിക്കുന്ന പ്രവാചകൻെറ കാര്യത്തിലാകട്ടെ, അയാളുടെ വചനം സത്യമായി തീരുമ്പോൾ അയാളെ കർത്താവ് അയച്ചതാണെന്നറിയാം' (യിരെമ്യാ 28:9). മുഹമ്മദ് നബി(ﷺ) പ്രവചിച്ച സമാധാനം ഇസ്‌ലാമായിരുന്നു-സമ്പൂർണ സമാധാനത്തിൻെറ ദർശനം.

**ലക്ഷണയുക്തമായ വേദഗ്രന്ഥം**

അന്ത്യപ്രവാചകനിലൂടെ ലോകത്തിന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥമാകട്ടെ അത്ഭുതങ്ങളുടെ അത്ഭുതമാണെന്നതാണ് വാസ്തവം. ആദ്യം ആട്ടിടയനും പിന്നെ കച്ചവടക്കാരനുമായിരുന്ന ഒരു മനുഷ്യൻ. അയാൾക്ക് എഴുത്തും വായനയും സിദ്ധിച്ചിട്ടില്ല. നാൽപത് വയസ്സുവരെ യാതൊരു സാഹിത്യാഭിരുചിയും അദ്ദേഹം പ്രകടിപ്പിച്ചിട്ടില്ല. അദ്ദേഹം നാൽപത് വയസ്സായപ്പോൾ സുന്ദരമായ പദങ്ങൾ പറയുന്നു. ഗദ്യവും പദ്യവുമല്ലാത്ത ശൈലിയിൽ ആരെയും വിസ്മയിപ്പിക്കുന്ന സന്ദേശങ്ങൾ മൊഴിയുന്നു. അതുവരെ നിയമഗ്രന്ഥങ്ങൾ കണ്ടിട്ടില്ലാത്ത അദ്ദേഹത്തിൻെറ മൊഴികളിൽ അതുല്യമായ നിയമനിർദേശങ്ങൾ ഉണ്ട്. വേദം പഠിച്ചിട്ടില്ലാത്ത അദ്ദേഹത്തിൻെറ പദങ്ങളിൽ ധാർമിക നിയമങ്ങൾ ഉണ്ട്. ചരിത്രം മനസ്സിലാക്കിയിട്ടില്ലാത്ത അദ്ദേഹത്തിൻെറ വാക്കുകളിൽ മുൻകാല ചരിത്രങ്ങളുണ്ട്. അതാണ് വിശുദ്ധ ഖുർആനെന്ന അത്ഭുതം. നിരക്ഷരനായ മുഹമ്മദ് നബി(ﷺ)യുടെ അധരങ്ങളിലൂടെയാണ് അത് ലോകം ശ്രവിച്ചത്. പക്ഷേ, അതിൻെറ ശൈലിയും ഘടനയും രൂപവുമെല്ലാം അതു മുഹമ്മദി(ﷺ)ൻെറ രചനയല്ലെന്ന് വ്യക്തമാക്കുന്നു. സാഹിത്യവും ശാസ്ത്രവും നിയമവും ചരിത്രവുമെല്ലാം വ്യക്തമായി അറിയാവുന്ന ആരോ കൊടുത്തതായിരിക്കണം അത്. വിശുദ്ധ ഖുർആനുമായി ലോകത്തിനു



മുമ്പിൽ പ്രത്യക്ഷപ്പെട്ട വ്യക്തി ഒരിക്കൽ പോലും കളവുപറയുകയോ വഞ്ചന നടത്തുകയോ ചെയ്തിട്ടില്ലാത്തയാളാണെന്നുള്ള വസ്തുത ഓർക്കുക. അതുല്യമായ സാഹിത്യശൈലിയിലുള്ള വിശുദ്ധ ഖുർആനുമായി മനുഷ്യർക്കിടയിലേക്ക് ഇറങ്ങിവന്ന അദ്ദേഹം അവകാശപ്പെട്ടത് ഇതു തൻെറ രചനയാണെന്നല്ല. സാഹിത്യകാരന്മാർക്ക് എന്നും ഉന്നതമായ സ്ഥാനം നൽകിപ്പോന്ന അറേബ്യൻ സമൂഹത്തിലേക്കാണ് അതിസുന്ദരമായ സാഹിത്യശൈലിയോടുകൂടിയ ഒരു ഗ്രന്ഥവുമായി മുഹമ്മദ്(ﷺ) പ്രത്യക്ഷപ്പെട്ടത്. ഇത് തൻെറ സൃഷ്ടിയാണെന്ന് അദ്ദേഹം അവകാശപ്പെട്ടിരുന്നുവെങ്കിൽ സാഹിത്യകാരന്മാരുടെ കൂടെ ഉന്നതശീർഷനായി അദ്ദേഹം ഗണിക്കപ്പെടുമായിരുന്നു. എന്നാൽ മുഹമ്മദ്(ﷺ) പറഞ്ഞത് ഈ ഗ്രന്ഥം തൻേറതാണ് എന്നല്ല, പ്രത്യുത എല്ലാവിധ വിജ്ഞാനീയങ്ങളിലും അഗാധമായ ജ്ഞാനമുള്ള ദൈവം എനിക്ക് തന്നതാണ് എന്നായിരുന്നു. ജീവിതത്തിലൊരിക്കലും കളവു പറഞ്ഞിട്ടില്ലാത്ത ഒരു വ്യക്തിയാണ് ഇത് പറയുന്നതെന്നോർക്കുക. വിശുദ്ധ ഖുർആനിൻെറ ശൈലിയും ഉള്ളടക്കവുമെല്ലാം അത് ഒരിക്കലും ഒരു മനുഷ്യൻെറ രചനയായിരിക്കുവാൻ സാധ്യതയില്ലെന്നതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

ഇന്ന് നിലനിൽക്കുന്ന വേദഗ്രന്ഥങ്ങളിൽ സ്വയം ദൈവിക ഗ്രന്ഥമെന്ന് അവകാശപ്പെടുന്ന ഏകഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാണ്. അവതരിപ്പിക്കപ്പെട്ട രൂപത്തിൽതന്നെ ഇന്നും നിലനിൽക്കുന്ന ഏകവേദഗ്രന്ഥവും ഖുർആൻതന്നെ. സുദീർഘമായ ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വിഭിന്നങ്ങളായ പരിതസ്ഥിതികളിൽവെച്ച് അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്ന ഖുർആൻ സൂക്തങ്ങൾ തമ്മിൽ വൈരുദ്ധ്യങ്ങളോ ഭിന്നതയോ കാണപ്പെടുന്നില്ല. ഖുർആനിലുള്ള ധാർമിക നിയമങ്ങൾ സാർവകാലികങ്ങളാണ്. അത് വിഭാവനം ചെയ്യുന്ന സാന്മാർഗിക സംവിധാനമാകട്ടെ, കിടയറ്റതാണ്. അതു നൽകുന്ന ധാർമിക സദാചാര നിയമങ്ങൾക്ക് തുല്യമായ നിയമങ്ങൾ മറ്റേതൊരു ഗ്രന്ഥത്തിലുമില്ല. അത് പഠിപ്പിക്കുന്ന ചരിത്രം കളങ്കരഹിതവും സത്യസന്ധവുമാണ്. അതോടൊപ്പംതന്നെ അത് പ്രായോഗികവുമാണ്. എല്ലാ അർഥത്തിലും തമസിൻെറ പര്യായമായിരുന്ന ഒരു ജനതയെ കേവലം ഇരുപത്തിമൂന്ന് വർഷക്കാലം കൊണ്ട് സംസ്കാരത്തിൻെറ ഉന്നത ശീർഷത്തിലെത്തിക്കാൻ കഴിഞ്ഞ ഖുർആനിന് തുല്യമായി

ലോകത്തെ പരിവർത്തിപ്പിക്കാൻ കഴിഞ്ഞ മറ്റൊരു ഗ്രന്ഥം മാനവ ചരിത്രത്തിൽ എവിടെയും ഉണ്ടായിട്ടില്ല. അതെ! ഖുർആൻതന്നെയാണ് എല്ലാ അർഥത്തിലും ലക്ഷണയുക്തമായ വേദഗ്രന്ഥം. സൂക്ഷ്മാലുക്കൾക്ക് മാർഗദർശകമാവാൻ കഴിയുന്ന ഖുർആനെപ്പോലുള്ള മറ്റൊരു ഗ്രന്ഥവുമില്ലെന്നതാണ് വാസ്തവം.

“ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രേ അത്” (അൽബഖറ 2).

മുൻ വേദങ്ങളെപ്പോലെ കേവലം ഒരു വേദഗ്രന്ഥം മാത്രമല്ല ഖുർആൻ. അത് അന്ത്യപ്രവാചകനുള്ള ദൈവിക ദൃഷ്ടാന്തം കൂടിയാണ്. താൻ പ്രവാചകനാണെന്നതിനുള്ള ദൃഷ്ടാന്തം. മുമ്പുള്ള പ്രവാചകന്മാർക്ക് നൽകപ്പെട്ട ദൃഷ്ടാന്തങ്ങളെല്ലാം അവരുടെ അവസാനത്തോടെ അവസാനിച്ചവയായിരുന്നു. എന്നാൽ, അന്ത്യപ്രവാചകൻെറ ദൃഷ്ടാന്തമാകട്ടെ, അത് അവസാനത്തെ മനുഷ്യൻവരെയുള്ളവർക്ക് മുഴുവനും മുന്നിൽ ഒരു മഹാത്ഭുതമായി നിലനിൽക്കുകയാണ്. എന്താണ് ഖുർആനിനെ ഒരു ദൈവികഗ്രന്ഥമാക്കുന്നത്? അതിൻെറ ശൈലി, സ്വാധീനം, ഉള്ളടക്കം ഇവയെല്ലാം അമാനുഷികംതന്നെ. അറബിസാഹിത്യത്തിലെ അതികായന്മാർക്കിടയിലേക്ക് അവതരിപ്പിക്കപ്പെട്ട ഖുർആൻെറ സാഹിത്യശൈലിയോടു വെല്ലാവുന്ന ഒരു ശൈലിയിൽ ഇതുവരെ അറബിയിൽ ഒരു രചനയും ഉണ്ടായിട്ടില്ല. അതുപോലെ ജനഹൃദയങ്ങളെ സ്വാധീനിച്ച മറ്റൊരു ഗ്രന്ഥവും ലോകചരിത്രത്തിൽ കാണാൻ കഴിയുന്നില്ല. ശ്രോതാവിൻെറ ബുദ്ധിക്ക് തൃപ്തിയും മനസ്സിന് സമാധാനവും ലഭിക്കുന്നതോടൊപ്പം അവൻെറ ഹൃദയത്തിൽ മാറ്റങ്ങളും ഉണ്ടാക്കുന്ന ഗ്രന്ഥമാണ് ഖുർആൻ.

അതുനടത്തിയ പ്രവചനങ്ങളാകട്ടെ, അക്ഷരംപ്രതി പുലർന്നിട്ടുണ്ട്. വിശുദ്ധ ഖുർആൻെറ പ്രവചനങ്ങളൊന്നും പൂർത്തീകരിക്കപ്പെടാത്തതായി ഇല്ല. അതിലെ പരാമർശങ്ങളൊന്നുംതന്നെ അസത്യമാണെന്ന് തെളിയിക്കപ്പെട്ടിട്ടുമില്ല. ശാസ്ത്രസാങ്കേതിക രംഗത്ത് ലോകം വട്ടപ്പൂജ്യമായ കാലത്ത് എഴുതപ്പെട്ട ഒരു ഗ്രന്ഥത്തിലെ ഒരു പ്രസ്താവനപോലും തെറ്റാണെന്ന് തെളിയിക്കാൻ ആ രംഗത്തെ വിപ്ലവങ്ങൾക്ക് സാധിച്ചിട്ടില്ലെന്നതുതന്നെ വലിയൊരു അത്ഭുതമാണ്. മാത്രമല്ല, ശാസ്ത്രം പുതിയ പുതിയ കണ്ടെത്തലുകൾ നടത്തുമ്പോൾ ഖുർആനിൻെറ അപ്രമാദിത്വവും അജയ്യതയും കൂടുതൽ കൂടുതൽ തെളിഞ്ഞുവരികയാണ് ചെയ്യുന്നത്. വാനശാസ്ത്രത്തിലോ ഭൂമിശാസ്ത്രത്തിലോ സമുദ്രശാസ്ത്രത്തിലോ ഭ്രൂണശാസ്ത്രത്തിലോ ഒന്നും അടിസ്ഥാന ജ്ഞാനം പോലും ഇല്ലാതിരുന്ന കാലത്ത് അവതരിപ്പിക്കപ്പെട്ട ഖുർആനിലെ വചനങ്ങൾ പ്രസ്തുത ശാസ്ത്ര ശാഖകളിലെ ആധുനിക കണ്ടുപിടിത്തങ്ങളുമായി പൂർണമായും യോജിക്കുന്നുവെന്ന വസ്തുത അത് സർവജ്ഞാനിയായ സ്രഷ്ടാവിൻെറ പക്കൽ നിന്നുള്ളതാണെന്ന് സുതരാം വ്യക്തമാക്കുന്നു.



## പ്രവാചകന്മാരുടെയെല്ലാം മതം

മുഹമ്മദ് നബി (ﷺ) ഇസ്‌ലാമിൻെറ സ്ഥാപകനല്ല; ഒരേയൊരു പ്രവാചകനുമല്ല. ഇസ്‌ലാമിൻെറ അവസാനത്തെ പ്രവാചകനായിരുന്നു അദ്ദേഹം. മുൻ പ്രവാചകന്മാരുടെ മുഴുവൻ പിൻഗാമിയാണെന്നാണ് അദ്ദേഹം അവകാശപ്പെട്ടത്. നോഹയുടെയും അബ്രഹാമിൻെറയും മോശെയുടെയും യേശുവിൻെറയും മാത്രമല്ല, ലോകത്തെവിടെയെല്ലാം ദൈവദൂതന്മാർ വന്നിട്ടുണ്ടോ അവരുടെയെല്ലാം പിൻഗാമി. സത്യത്തിൻെറ സന്ദേശവാഹകരായി സ്രഷ്ടാവ് തെരഞ്ഞെടുത്തയച്ച പ്രവാചകന്മാരുടെ നിയോഗം ഉണ്ടാകാത്ത ഒരൊറ്റ സമുദായമില്ലെന്നതാണ് വാസ്തവം. വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നത് കാണുക:

“ഒരു താക്കീതുകാരൻ കഴിഞ്ഞുപോവാത്ത ഒരു സമുദായവുമില്ല” (ഫാത്വിർ 24).

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്” (നഹ്ൽ 36).

ലോകത്തുവന്ന പ്രവാചകന്മാർ മുഴുവനും പ്രബോധനം ചെയ്ത മതമാണ് ഇസ്‌ലാം -സർവശക്തനുള്ള സമ്പൂർണമായ സമർപ്പണം. ഈ സമർപ്പണം എങ്ങനെ സാധിക്കുമെന്ന് പ്രായോഗികമായി കാണിച്ചുതരാനാണ് പ്രവാചകന്മാർ വന്നത്. പ്രവാചകശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബി(ﷺ) എന്ന് പറഞ്ഞുവല്ലോ. അദ്ദേഹത്തിലൂടെയാണ് ഇസ്‌ലാം പൂർത്തീകരിക്കപ്പെട്ടത്. സർവശക്തന് സ്വന്തത്തെ സമർപ്പിക്കുക വഴി മനുഷ്യജീവിതത്തെ എങ്ങനെ വിമലീകരിക്കാം എന്ന് പ്രായോഗികമായി കാണിച്ചു തന്ന പ്രവാചകനാണ് അദ്ദേഹം. നടേ സൂചിപ്പിച്ചതുപ്രകാരം അദ്ദേഹത്തിൻെറ

ജീവിതത്തിലെ വലുതും ചെറുതുമായ കാര്യങ്ങളെല്ലാം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അത് ഭൂമിയിലെ അവസാനത്തെ മനുഷ്യൻ വരെയുള്ള സകലർക്കും മാതൃകയാണ്. സ്നേഹനിർഭരനായ സാധാരണക്കാരൻ, സത്യസന്ധനായ കച്ചവടക്കാർ, ദയാലുവായ സാമൂഹിക പ്രവർത്തകൻ, പരോപകാരിയായ അയൽവാസി, കാരുണ്യവാനായ ഭർത്താവ്, വാൽസല്യനിധിയായ പിതാവ്, തിന്മയെ കഠിനമായി വെറുക്കുകയും എന്നാൽ, തിന്മ ചെയ്യുന്നവരെ അതിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പരിഷ്കർത്താവ്, നീതിമാനായ ഭരണാധികാരി, ഇങ്ങനെ ജീവിതത്തിൻെറ എല്ലാ രംഗത്തും ഒരു മനുഷ്യൻ എങ്ങനെയാവണമെന്ന് പഠിപ്പിച്ചയാളാണ് പ്രവാചകൻ. ദൈവത്തിന് സ്വന്തത്തെ സമർപ്പിക്കുകവഴി- മുസ്‌ലിമാകുക വഴി- എങ്ങനെ മനുഷ്യത്വത്തിൻെറ ഉദാത്തീകരണം സാധിക്കുമെന്ന് അദ്ദേഹം നമുക്ക് കാണിച്ചുതന്നു. സ്വന്തം ജീവിതത്തിൻെറ മാതൃകയിലൂടെ അനേകം മുസ്‌ലിംകൾക്ക് ജന്മം നൽകുവാനും അങ്ങനെ മാതൃകായോഗ്യമായ ഒരു സമൂഹത്തിൻെറ സൃഷ്ടി സാധിക്കുവാനും കഴിഞ്ഞുവെന്നതാണ് മുഹമ്മദ് നബി (ﷺ)യെ മറ്റു പല വിപ്ലവകാരികാരികളിൽ നിന്നും വ്യതിരിക്തനാക്കുന്നത്.

ഒരു ദർശനം സമ്പൂർണവും പരിവർത്തനത്തിന് നിമിത്തവുമാണെന്ന് പറയാൻ കഴിയുക, അതിൻെറ സിദ്ധാന്തങ്ങൾ കുറ്റമറ്റതും അതോടൊപ്പം പ്രായോഗികമാവുകയും ചെയ്യുമ്പോൾ മാത്രമാണ്. സുന്ദരമായ തത്ത്വങ്ങൾ പടക്കുവാൻ എളുപ്പമാണ്. എന്നാൽ, പ്രായോഗികവും അതോടൊപ്പം കുറ്റമറ്റതുമായ സിദ്ധാന്തങ്ങൾ ഉണ്ടാക്കുക പ്രയാസകരമാണ്. ഇസ്‌ലാമിക സിദ്ധാന്തങ്ങൾ പൊതുവെ മൂന്നു സാങ്കേതിക ശബ്ദങ്ങളാലാണ് പ്രതിനിധീകരിക്കപ്പെടാറുള്ളത്. തൗഹീദ്, രിസാലത്ത്, ആഖിറത്ത് എന്നിവയാണ് അവ. തൗഹീദ്, ദൈവികസത്തയുടെ മാത്രം പ്രത്യേകതയായ ഏകത്വത്തെയും അവൻ മാത്രം ആരാധിക്കപ്പെടേണ്ടുന്നതിൻെറ ആവശ്യകതയും കുറിക്കുന്നു. ദൈവിക മാർഗദർശനത്തെയാണ് രിസാലത്ത് പ്രതിനിധീകരിക്കുന്നത്. മരണാനന്തരജീവിതമാണ് ആഖിറത്തുകൊണ്ടുള്ള വിവക്ഷ.

**ഏകദൈവവിശ്വാസം**

ഈ പ്രപഞ്ചത്തിലുള്ള സകലവസ്തുക്കളും അതിനപ്പുറത്തുള്ള



ഒരു കാരണത്തെ തേടുന്നുണ്ട്. പരമാണുമുതൽ നക്ഷത്രജാലങ്ങൾ വരെയുള്ള ചെറുതും വലുതുമായുള്ള പ്രാപഞ്ചിക വസ്തുക്കളൊന്നും ഇതിനപവാദമല്ല. ഓരോന്നിൻെറയും കാരണം കണ്ടെത്തുമ്പോൾ ആ കാരണവും മറ്റൊരു കാരണത്തെ തേടുന്നതായി നമുക്ക് കാണാൻ കഴിയുന്നു. പ്രാപഞ്ചിക വസ്തുക്കളുടെ കാരണം തേടിയുള്ള നമ്മുടെ അന്വേഷണം അനന്തമായി തുടർന്നുപോവാതെ അവസാനം കാരണം ആവശ്യമില്ലാത്ത ഒരു ഉൺമയിൽ എത്തിച്ചേരുന്നു. ആ സത്തയാണ് എല്ലാ അന്വേഷണങ്ങളുടെയും അന്ത്യം. പ്രപഞ്ചത്തിലെ ഒരൊറ്റ പ്രതിഭാസവും കാരണമാവശ്യമില്ലാത്തതായി നമുക്ക് കാണാൻ കഴിയുന്നില്ല. അപ്പോൾ കാരണങ്ങൾ ആവശ്യമില്ലാത്ത പരാശക്തി പ്രപഞ്ചത്തിന് പുറത്തുള്ളതായിരിക്കണം. പദാർഥാതീതമായിരിക്കണം. പ്രപഞ്ചത്തിലെ ചെറുതും വലുതുമായ പ്രതിഭാസങ്ങളുടെ മുഴുവൻ സ്രഷ്ടാവിനെയാണ് ഇസ്‌ലാം 'അല്ലാഹു' എന്ന് വിളിക്കുന്നത്.

അല്ലാഹു കേവലമായൊരു ശക്തിയോ ഉൺമയില്ലാത്ത ഒരു ഊർജരൂപമോ ആണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. പദാർഥ ലോകത്തെ കുറിച്ച് മാത്രമേ മനുഷ്യന് വിശദീകരിക്കാനാവുകയുള്ളൂ. അതുകൊണ്ടു തന്നെ പദാർഥാതീതമായ ദൈവികസത്ത മനുഷ്യൻെറ വിശദീകരണത്തിന് അതീതമാണ്. അല്ലാഹുതന്നെ അറിയിച്ചു തന്ന ദിവ്യവെളിപാടുകളിലൂടെ മാത്രമേ അവൻെറ അസ്തിത്വത്തിൻെറ സ്വഭാവത്തെ കുറിച്ച് നമുക്ക് അറിയാൻ കഴിയൂ. പരമവും ആത്യന്തികവും ആയ സത്തയാണ് അല്ലാഹുവിനുള്ളത് എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്.

അവൻ അതുല്യനും അദ്വിതീയനുമാണ്. അജയ്യനും അന്യൂനനുമാണ്. സർവശക്തനും സർവകാല ജ്ഞാനിയുമാണ്. നിരാശ്രയനും നിരാലംബനുമാണ്. പരമകാരുണികനും കരുണാനിധിയുമാണ്. സഗുണനും സമ്പൂർണനുമാണ്. സർവോന്നതനും സർവലോക സ്രഷ്ടാവുമാണ്. അല്ലാഹുവിനെ കുറിച്ച് പ്രതിപാദിക്കുന്ന ഒരു ഖുർആൻ സൂക്തത്തിൻെറ സാരം കാണുക:

“അല്ലാഹു അവനല്ലാതെ വേറെ ആരാധ്യനില്ല. ജീവനുള്ളവൻ, സ്വയം പര്യാപ്തനായ സർവനിയന്താവ്. ആകാശങ്ങളിലും ഭൂമിയിലു

മുള്ളതെല്ലാം അവൻേറതാണ്. അവന്റെ അനുമതി കൂടാതെ അവൻെറ യടുത്ത് ശുപാർശ ചെയ്യുന്നവൻ ആരുണ്ട്? അവരുടെ മുന്നിലുള്ള തും പിന്നിലുള്ളതും അവനറിയാം. അവൻെറ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ അവർ യാതൊന്നും അറിയുന്നില്ല. അവൻെറ പാദപീഢം ആകാശഭൂമികളെ ഉൾക്കൊണ്ടിരിക്കുന്നു. അവയുടെ സംരക്ഷണം അവന് ഭാരമല്ല. അവൻ അത്യുന്നതനും മഹത്വമേറിയവനും ആകുന്നു" (അൽബഖറ 225).

സൂക്ഷ്മവും സ്ഥൂലവുമായ സകലമാന വസ്തുക്കളുടെയും സ്രഷ്ടാവും സംരക്ഷകനും നിയന്താവും സർവശക്തനും സർവജ്ഞനുമായവനാണ് അല്ലാഹു. ഇത് ഒരു കുലദൈവത്തിൻെറയോ ഗോത്ര ദൈവത്തിൻേറയോ പേരല്ല. എല്ലാ ദേശക്കാരുടെയും ഭാഷക്കാരുടെയും വർഗക്കാരുടെയും യഥാർഥമായ ദൈവത്തിൻെറ പേരാണ് അല്ലാഹു. സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തിന് വ്യത്യസ്ത ഭാഷകളിൽ വ്യത്യസ്ത പേരുകൾ ഉപയോഗിച്ചതായി കാണാൻ കഴിയും. സംസ്കൃതത്തിൽ 'പരബ്രഹ്മം', 'പരമാത്മാവ്' തുടങ്ങിയ പേരുകളാലാണ് സർവശക്തൻ സംബോധന ചെയ്യപ്പെടുന്നതെന്ന് ഉപനിഷത്തുകളിലെ പരാമർശങ്ങൾ വായിച്ചാൽ വ്യക്തമാകും. പഴയ നിയമ ബൈബിളിൽ യഹോവ, യാഹ്, അഡോണായി, ഏൽ-എല്യോൺ, ഏൽശദ്ദായി, ഏൽ, എലോഹിം തുടങ്ങിയ നാമങ്ങളിലെല്ലാം ഏക ദൈവം സംബോധന ചെയ്യപ്പെട്ടിട്ടുണ്ട്. യേശു 'എലോഹിം' എന്നായിരിക്കും ദൈവത്തെ സംബോധന ചെയ്തതെന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം. സർവശക്തനായ ദൈവത്തെ വിളിക്കുവാൻ ഖുർആൻ ഉപയോഗിച്ച പദം 'അല്ലാഹു'വെന്നാണ്. "സകല വിധ ആരാധനകളും യഥാർഥത്തിൽ അർഹിക്കുന്നവൻ'' എന്നാണ് അല്ലാഹു എന്നതുകൊണ്ടുള്ള വിവക്ഷ. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിൻെറ ദൈവം എന്ന നിലക്കല്ല. 'യഥാർഥമായ ദൈവം' എന്ന നിലക്കാണ് ഖുർആൻ 'അല്ലാഹു' എന്ന് പ്രയോഗിച്ചിരിക്കുന്നത്.

പ്രാപഞ്ചിക പ്രതിഭാസങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഖുർആൻ സ്രഷ്ടാവിൻെറ അസ്തിത്വം സ്ഥാപിക്കുന്നത്.

"ഒട്ടകത്തിൻെറ നേർക്ക് അവർ നോക്കുന്നില്ലേ; അതെങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന്. ആകാശത്തേക്ക്; അതെങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നുവെന്ന്. പർവതങ്ങളിലേക്ക്; അവയെങ്ങനെ നാട്ടിനിർത്തപ്പെട്ടിരിക്കുന്നുവെന്ന്. ഭൂമിയിലേക്ക്; അതെങ്ങനെ വിശാലമാക്കപ്പെട്ടിരിക്കുന്നുവെന്ന്" (ഗാശിയ 17-20).



തൻെറ ചുറ്റുപാടിലേക്ക് കണ്ണോടിച്ചുകൊണ്ട് പ്രപഞ്ച സ്രഷ്ടാവിന്റെ സൃഷ്ടി വൈഭവത്തെയും ശക്തി മഹാത്മ്യത്തെയും മനസ്സിലാക്കാനാണ് മനുഷ്യനോടുള്ള ഖുർആനിൻെറ കൽപന. അതുപോലെ തന്നെ പ്രകൃതിയിലെ താളക്രമങ്ങളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ബഹുദൈവവിശ്വാസത്തിൻെറ നിരർഥകതയിലേക്കും ഖുർആൻ വിരൽചൂണ്ടുന്നു.

"അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ദൈവവും ഉണ്ടായിട്ടുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പൊയ്ക്കളയുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!" (മുഅ്മിനൂൻ 91).

പദാർഥത്തിൻെറ ഏറ്റവും ചെറിയ കണമായ ആറ്റത്തിനകത്തെ ഇലക്ട്രോണുകളും പ്രോട്ടോണുകളും ന്യൂട്രോണുകളും മീസോണുകളും പോസിട്രോണുകളുമെല്ലാം തമ്മിലുള്ള പാരസ്പര്യം വിസ്മയാവഹമാണ്. സ്ഥൂലപ്രപഞ്ചത്തിൻെറ കാര്യത്തിലും സ്ഥിതി ഇതുതന്നെ. പ്രാപഞ്ചിക നിയമങ്ങളുടെ ഐകരൂപ്യം അവയെല്ലാം സൃഷ്ടിച്ചത് ഒരേ സ്രഷ്ടാവുതന്നെയാണെന്ന് വ്യക്തമാക്കുന്നു. വ്യത്യസ്ത ദൈവങ്ങളായിരുന്നു പ്രപഞ്ചത്തിലെ വ്യത്യസ്ത പ്രതിഭാസങ്ങൾക്ക് പിന്നിലെങ്കിൽ അവ തമ്മിൽ താളപ്പൊരുത്തം ഉണ്ടാകുന്നതെങ്ങനെ? മനുഷ്യശരീരത്തിലെ ഓരോ വ്യവസ്ഥയും പരസ്പരം ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. ജന്തുക്കളും സസ്യങ്ങളും പരസ്പരം നിലനിൽപിനുവേണ്ടി ആശ്രയിക്കുന്നു. ജന്തുക്കളില്ലെങ്കിൽ സസ്യങ്ങൾക്കോ സസ്യങ്ങളില്ലെങ്കിൽ ജന്തുക്കൾക്കോ നിലനിൽക്കാൻ കഴിയാത്ത രീതിയിലാണ് ഭൂമി സംവിധാനിക്കപ്പെട്ടിരിക്കുന്നത്. അതുപോലെ തന്നെ സസ്യങ്ങൾ പരസ്പരവും ജന്തുക്കൾ പരസ്പരവുമെല്ലാം നിലനിൽപിനുവേണ്ടി ആശ്രയിക്കുന്നതായി കാണാനാവും. ഓരോ ജീവികൾക്കും വ്യത്യസ്ത സ്രഷ്ടാക്കളായിരുന്നുവെങ്കിൽ ഈ പരസ്

പരബന്ധം നിലനിൽക്കുമായിരുന്നില്ല. സസ്യങ്ങളുടെ സ്രഷ്ടാവും ജന്തുക്കളുടെ സ്രഷ്ടാവും തങ്ങൾ ഇച്ഛിക്കുന്ന രീതിയിലവയെ നിയന്ത്രിച്ചിരുന്നുവെങ്കിൽ ആ രണ്ടു വിഭാഗവും നിലനിൽക്കുമായിരുന്നില്ല. ചുരുക്കത്തിൽ ആകാശഭൂമികൾക്ക് ഒരൊറ്റ സ്രഷ്ടാവും സംവിധായകനുമാണുള്ളതെന്ന വസ്തുതക്ക് നമ്മുടെ ചുറ്റുപാടുകളിൽ തന്നെ ധാരാളം തെളിവുകളുണ്ട്. ഖുർആൻ പറയുന്നത് എത്ര ശരി!

"ആകാശഭൂമികളിൽ അല്ലാഹു അല്ലാത്ത ദൈവങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അവ രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിൻെറ നാഥനായ അല്ലാഹു അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനാകുന്നു!" (അമ്പിയാഅ് 22).

സ്രഷ്ടാവും സംരക്ഷകനും സംഹാരകനുമായ ദൈവം ഏകനാണെന്ന തത്ത്വമാണ് പ്രവാചകന്മാരെല്ലാം പ്രഥമവും പ്രധാനവുമായി പ്രബോധനം ചെയ്തത്. അതുകൊണ്ടുതന്നെ മതഗ്രന്ഥങ്ങളിലധികവും ഏകദൈവത്വത്തിലേക്ക് വെളിച്ചം വീശുന്നുണ്ട്. പലവിധ ദേവന്മാരെയും സങ്കൽപിച്ചിരിക്കുന്ന മതഗ്രന്ഥങ്ങളിൽതന്നെ ഈ ദേവന്മാരുടെയെല്ലാം ദേവനും സ്രഷ്ടാവും സംവിധായകനുമായ ഒരു ദൈവത്തെ സങ്കൽപിച്ചതായി കാണാൻ കഴിയും. ഇതിൽനിന്ന് ആ മതസമൂഹങ്ങളിലേക്ക് വന്ന പ്രവാചകന്മാർ ഏകദൈവവിശ്വാസമാണ് പ്രബോധനം ചെയ്തിരുന്നതെന്നും പിന്നീട് പ്രസ്തുത മതസമൂഹങ്ങൾ ബഹുദൈവാരാധനയിലേക്ക് വഴിമാറുകയാണ് ചെയ്തതെന്നും നമുക്ക് ഊഹിക്കാവുന്നതാണ്.

**ഹൈന്ദവ മതഗ്രന്ഥങ്ങളിൽ**

ഹൈന്ദവ വേദസംഹിതകൾ നോക്കുക. ഋഗ്വേദത്തിൽ ദേവന്മാരുടെ സംഖ്യ മുന്നൂറ്റിമുപ്പത്തിമൂന്ന്വരെ പെരുകിയെന്നും അതിൽ പ്രധാനികളായ ഇന്ദ്രൻ, മിത്രൻ, വരുണൻ, അഗ്നി, വിഷ്ണു എന്നിവർ ഓരോ പ്രത്യേക വകുപ്പുകൾ കൈകാര്യം ചെയ്യുന്നുവെന്നും കാണാൻ കഴിയും. എന്നാൽ, ഒരു ഭാഗത്ത് ദേവന്മാർക്ക് വകുപ്പുകൾ വിഭജിച്ചു നൽകുന്ന വേദങ്ങൾതന്നെ മറുവശത്ത് എല്ലാറ്റിൻെറയും ഉടമസ്ഥനായ ഏകദൈവത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ഹിരണ്യഗർഭൻ, വിശ്വകർമാവ്, പ്രജാപതി തുടങ്ങിയ നാമങ്ങളിലാണ് വേദങ്ങളിൽ ഏകദൈവം സംബോധന ചെയ്യപ്പെട്ടിരിക്കുന്നത്. ഒരു ഋഗ്വേദസൂക്തം



നോക്കുക:

*ഹിരണ്യഗർഭഃ സമവർത്ത താഗ്രേ*
*ഭൂതസ്യ ജാതഃ പരിതേക ആസിത്*
*സദാധാര പൃഥിവീം, ദ്യാമു തേമാം*
*കസ്മൈ ദേവായ ഹവിഷാ വിധേമ.*

(ആദിയിൽ ഹിരണ്യഗർഭൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവനാണ് സകല ഭുവനങ്ങളുടെയും അധീശാധികാരി. അവൻ ഭൂമിയെയും സ്വർഗത്തെയും അതതു സ്ഥാനങ്ങളിൽ സ്ഥാപിച്ചു. അവനിൽനിന്നാണ് സർവ ചരാചരങ്ങളുമുണ്ടായത്. ലോകം മുഴുവൻ അവൻെറ കൽപനകൾ അനുസരിക്കുന്നു. അതിനാൽ അവനു മാത്രം ഹവിസ്സർപ്പിക്കുക) (ഋഗ്വേദം 10:121:1).

ഇതേ ആശയമുൾക്കൊള്ളുന്ന ശ്ലോകങ്ങൾ മറ്റു വേദങ്ങളിലും കാണാൻ കഴിയും. വേദങ്ങൾ പ്രധാനമായും ആര്യസംസ്കാരത്തിലെ കർമങ്ങളെക്കുറിച്ചാണ് വിവരിക്കുന്നത്. ഹൈന്ദവ ദാർശനിക ഗ്രന്ഥങ്ങളായി വ്യവഹരിക്കപ്പെടുന്നത് ഉപനിഷത്തുകളാണ്. നൂറ്റിയെട്ട് ഉപനിഷത്തുകളാണ് ഇന്നുള്ളത്. അവയിൽ പലതിലും വ്യത്യസ്ത ദേവന്മാരെ സങ്കൽപിക്കുന്നതായും അവരോടുള്ള പ്രാർഥനകളുൾക്കൊള്ളുന്നതായും നമുക്ക് കാണാം. എന്നാൽ, വളരെ ശക്തമായ ഭാഷയിൽ ഏകദൈവാദർശം പ്രബോധനം ചെയ്യുന്ന ഉപനിഷത് സൂക്തങ്ങളുമുണ്ട്. ഭാരതത്തിൽ വന്ന ദൈവദൂതന്മാരുടെ സന്ദേശങ്ങളുടെ സ്വാധീനമായിരിക്കാം ഈ സൂക്തങ്ങൾക്കുള്ള കാരണമെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. ഏതാനും ചില ഉപനിഷദ് സൂക്തങ്ങൾ കാണുക:

*യ ഏകോ ജാലവാനീശത ഈശ നീഭിഃ*
*സർവാൻ ലോകാനീശത ഈശ നീഭിഃ*
*യ ഏവൈക ഉദ്ഭവ സംഭവേ ച*
*യ ഏകദ്വിദുര മൃതാസ്തേ ഭവന്തി*

(അദ്വിതീയമായ പരമാത്മാവ് ജഗദ്രൂപജാലത്തെ സൃഷ്ടിച്ച് തൻെറ സ്വരൂപ ഭൂതമായ ശാസനാശക്തിയാൽ അതിനെ ഭരിക്കുന്നു. ആവിധ ശാസനാബലത്താൽ സമസ്ത ലോകങ്ങളെയും ലോകപാ

ലകന്മാരെയും യഥായോഗ്യം ഭരിക്കുന്നു. ഏകനായിതന്നെ സമസ്ത ജഗത്തിൻെറയും ഉൽപത്തിക്കും വിസ്താരത്തിനും സമർഥനായിരിക്കുന്ന ആ ബ്രഹ്മത്തെ തത്ത്വേന അറിയുന്ന മഹാപുരുഷന്മാർ അമരന്മാരായി ഭവിക്കുന്നു) (ശ്വേതശതരോപനിഷത്ത് 3:1)

*ന തസ്യ കാര്യം കരണം ച വിദ്യതേ*

*ന തസ്യ സമസ്ചാഭ്യധികശ്ച ദൃശ്യതേ*

*പരാസ്യ ശക്തിർ വിവിധൈവ ശ്രൂയതേ*

*സ്വാഭാവികീ ജ്ഞാന ബല ക്രിയാ ച*

(ആ പരബ്രഹ്മത്തിന് ജീവികളെപ്പോലെ ശരീരവും ഇന്ദ്രിയവും ഇല്ല. അവന് വലുതോ സദൃശമോ ആയിട്ട് മറ്റാരുംതന്നെയില്ല. അവൻെറ ശക്തിവിശേഷങ്ങൾ പലവിധത്തിൽ പ്രഘോഷിക്കപ്പെടുന്നു. അവിടത്തേക്ക് ജ്ഞാന-ശക്തി പ്രവർത്തനങ്ങൾ സ്വാഭാവികമാണ്) (ശ്വേതശതരോപനിഷത്ത് 6:4).

*ന തസ്യ കശ്ചിത് പതിർ അസ്തി ലോകേ*

*ന ചേശിതാ നൈവ ച തസ്യ ലിംഗം*

*ന കാരണം കരണാധി പാധിപോ*

*ന ചാസ്യ കശ്ചിത് ജനിതാ ന ചാധിപഃ*

(അവനു തുല്യമായി ലോകത്തിലാരുമില്ല. അവിടത്തോട് ആജ്ഞാപിക്കാൻ ആരുമില്ല. അവിടത്തേക്ക് ദൃശ്യമായ അടയാളവുമില്ല. സർവത്തിൻെറയും കാരണകർത്താവായ അവന് കാരണക്കാരനായി ആരുമില്ല. അവിടത്തേക്ക് ജനയിതാവോ അധിപതിയോ ആയി ആരുമില്ല) (ശ്വേതശതരോപനിഷത്ത് 6:5)

*ന തത്ര സൂര്യോ ഭാതി ന ചന്ദ്ര താരകം*

*നേമാ വിദ്യുതോ ഭാന്തി കുതോ യമഗ്നിഃ*

*തമേവ ഭാന്തം അനുഭാതി സർവം*

*തസ്യ ഭാസാ സർവം ഇദം വിഭാതി*

(അവിടെ പരബ്രഹ്മത്തിനു മുന്നിൽ സൂര്യനോ ചന്ദ്രനോ നക്ഷത്രങ്ങളോ പ്രകാശിക്കുന്നില്ല; ഇടിമിന്നൽ പോലും അവിടത്തെ മുമ്പിൽ നിഷ്പ്രഭമാണ്. പിന്നെ ഈ അഗ്നി എവിടെ? സ്വയംപ്രകാശമായ



അവിടത്തെ പ്രകാശത്താലാണ് സർവതും പ്രകാശിക്കുന്നത്; സർവതിൻെറയും പ്രകാശം അവിടത്തെ പ്രകാശംതന്നെയാണ്) (മുണ്ഡകോപനിഷത്ത് 2:2:11)

*അശരീരം ശരീരേഷ്വന വസ്ഥേഷ്യ വസ്ഥിതം*

*മഹാന്തം വിഭുമാത്മാനം മത്വാ ധീരോ നശോചതി*

*നായ മാത്മാ പ്രവചനേന ലഭ്യോ നമേധയാ നബഹുനാശ്രുതേന*

*യമേവൈഷ വൃണുതേ തേന ലഭ്യ*

(ആ പരമാത്മാവ് അസ്ഥിരനും ശരീരമുണ്ടെങ്കിലും വിദേഹനും അചഞ്ചലനും മഹാനുമാകുന്നു. ആ പരമാത്മാവിനെപ്പറ്റി അറിയുന്ന ജ്ഞാനി ഒരിക്കലും ശോകാതുരനാവുന്നില്ല. ആ പരമാത്മാവ് വാക്കിനും കാതിനും ബുദ്ധിക്കും അപ്രാപ്യമാണ്. എന്നാൽ, ആരുടെ മേൽ അവന് കൃപയുണ്ടോ, അവന് ആ ഭാഗ്യം ലഭിക്കുന്നു. എന്തെന്നാൽ, അവർ കൃപാപാത്രത്തിൽ മാത്രമേ സ്വയം പ്രത്യക്ഷപ്പെടുകയുള്ളൂ) (കഠോപനിഷത്ത് 1:2:22,23).

**ബൈബിൾ പഴയനിയമത്തിലും പുതിയ നിയമത്തിലും**

ബൈബിൾ പഴയനിയമത്തിലെ പ്രവാചകന്മാർ പറഞ്ഞതും മറ്റൊന്നല്ല. സത്തയിലും ഗുണങ്ങളിലും ഏകനും അദ്വിതീയനുമായ ഒരു കർത്താവിൻെറ അസ്തിത്വത്തെക്കുറിച്ചാണ് ഉൽപത്തി പുസ്തകം മുതൽ മാലാഖി വരെയുള്ള പഴയ നിയമത്തിലെ മുപ്പത്തിഒമ്പത് പുസ്തകങ്ങളിലും പ്രസ്താവിക്കുന്നത്. ഏതാനും ബൈബിൾ സൂക്തങ്ങൾ കാണുക:

'കർത്താവു പറഞ്ഞു: ഞാനാണ് സർവശക്തനായ ദൈവം. നീ എൻെറ മുമ്പാകെ നടക്കുക' (ഉൽപത്തി 17:1).

'കർത്താവ്, അതേ, കർത്താവ് കാരുണ്യവും പ്രസാദവും ഉള്ള ദൈവമാകുന്നു. ക്ഷമയും അചഞ്ചലതയും വിശ്വസ്തതയും നിറഞ്ഞവനാകുന്നു. ആയിരങ്ങളോട് അചഞ്ചല സ്നേഹമുള്ളവൻ. അധർമവും അതിക്രമവും പാപവും പൊറുക്കുന്നവൻ' (പുറപ്പാട് 34:6,7).

'അവൻ നിൻെറ പിതാവല്ലയോ? നിന്നെ നിർമിച്ചവൻ. നിന്നെ സൃഷ്ടിച്ചവൻ, നിൻെറ പരിപാലകൻ' (ആവർത്തനം 32:6).

'ആകാശം ദൈവത്തിൻെറ മഹത്വം വിളംബരം ചെയ്യുന്നു. ആ

കാശക്കമാനം അവൻെറ കരവിരുത് പ്രഘോഷിക്കുന്നു' (സങ്കീർത്ത നങ്ങൾ 19:1).

'ഇസ്രായീലേ കേട്ടാലും നമ്മുടെ ദൈവമായ കർത്താവത്രെ ഏക കർത്താവ്. നിൻെറ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ ശക്തിയോടും കൂടി സ്നേഹിക്കണം' (ആവർത്തനം 6:4).

'കർത്താവിനെ സ്തുതിക്കുക
ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിക്കുക.
ഉന്നതങ്ങളിൽ അവനെ സ്തുതിക്കുക.
കർത്താവിൻെറ സകല മാലാഖമാരേ, അവനെ സ്തുതിക്കുക.
കർത്താവിൻെറ സർവസൈന്യങ്ങളേ, അവനെ സ്തുതിക്കുക.
സൂര്യചന്ദ്രമാരേ, അവനെ സ്തുതിക്കുക.
മിന്നിത്തിളങ്ങുന്ന സർവനക്ഷത്രങ്ങളേ, അവനെ സ്തുതിക്കുക.
അത്യുന്നതമായ ആകാശമേ, അവനെ സ്തുതിക്കുക.
ആകാശത്തിന് മുകളിലുള്ള ജലരാശിയേ, അവനെ സ്തുതിക്കുക.
അവ കർത്താവിൻെറ തിരുനാമത്തെ സ്തുതിക്കട്ടെ.
കാരണം, അവൻ കൽപിച്ചു; അവ സൃഷ്ടിക്കപ്പെട്ടു.
അവൻ അവയെ ശാശ്വതമായി സ്ഥാപിച്ചു;
അവക്ക് മറികടന്നുകൂടാത്ത അതിരുകളും കൽപിച്ചു'

(സങ്കീർത്തനങ്ങൾ 148:1-6).

പഴയനിയമത്തിലെ പ്രവാചകന്മാരുടെ പിൻഗാമിയായി വന്ന യേശുക്രിസ്തുവും പഠിപ്പിച്ചത് ഏകനായ സ്രഷ്ടാവാണ് സകലവിധ സംവിധാനങ്ങൾക്കും പിന്നിലുള്ളതെന്ന യാഥാർഥ്യമായിരുന്നു. കലർപ്പില്ലാത്ത ഏകദൈവ വിശ്വാസമായിരുന്നു അദ്ദേഹം പ്രബോധനം ചെയ്തതെന്ന് സുവിശേഷങ്ങളിലെ പ്രതിപാദ്യങ്ങൾ സുതരാം വ്യക്തമാക്കുന്നു. പരമപ്രധാനമായ ദൈവകൽപന ഏതാണെന്ന ഒരു വേദജ്ഞൻെറ ചോദ്യത്തിന് യേശു നൽകുന്ന മറുപടി ശ്രദ്ധിക്കുക:

'പരമപ്രധാനമായത് ഇതാണ്: 'അല്ലയോ ഇസ്രായേലേ കേൾക്കൂ, നമ്മുടെ ദൈവമായ കർത്താവാകുന്നു ഏക കർത്താവ്. നിൻെറ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോ ടും പൂർണമനസ്സോടും പൂർണ ശക്തിയോടുംകൂടി സ്നേഹിക്കുക (മാർക്കോസ് 12:29,30).



സർവശക്തനായ ദൈവത്താൽ അയക്കപ്പെട്ട ഒരു പ്രവാചകൻ മാത്രമാണ് താനെന്ന വസ്തുത യേശുക്രിസ്തു വ്യക്തമാക്കുന്നത് നോക്കുക:

'ഏക സത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ. നീ എന്നെ ഏൽപിച്ച ജോലി പൂർത്തിയാക്കി ഞാൻ ഭൂമിയിൽ നിന്നെ മഹത്വീകരിച്ചു' (യോഹന്നാൻ 17:3,4).

സാന്ദർഭികമായി ഒരു കാര്യം വ്യക്തമാക്കട്ടെ, യേശുവും മുൻപ്രവാചകന്മാരുമെല്ലാം പ്രബോധനം ചെയ്ത ശുദ്ധമായ ഏകദൈവ വിശ്വാസത്തിനു പകരമായി ക്രൈസ്തവസഭ സ്വീകരിച്ചിരിക്കുന്ന വിചിത്രമായ ഒരു വിശ്വാസമാണ് ത്രിയേകത്വ വിശ്വാസം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളടങ്ങിയതാണ് ഏകദൈവമെന്നാണ് ത്രിത്വോപദേശം. സാമാന്യബുദ്ധിക്കോ യുക്തിക്കോ യോജിക്കാത്ത ഒരു വിശ്വാസമാണിത്. പിതാവും പുത്രനും പരിശുദ്ധാത്മാവും അവരുടെ വ്യക്തിത്വങ്ങളിൽ സ്വതന്ത്രരാവുകയും അതോടൊപ്പം സത്തയിലൊന്നാവുകയും ചെയ്യുന്നതെങ്ങനെ? സത്യത്തിൽ ത്രിത്വോപദേശത്തിന് ഉപോദ്ബലകമായി ഒരൊറ്റ വചനം പോലും ബൈബിളിലെ പഴയതോ പുതിയതോ ആയ നിയമഗ്രന്ഥങ്ങളിലൊന്നുംതന്നെയില്ല. ഇതിൽനിന്നുതന്നെ ത്രിയേകത്വവിശ്വാസം യേശുവോ മുൻ പ്രവാചകന്മാരോ അപ്പോസ്തലന്മാരോ പഠിപ്പിച്ചതല്ലെന്ന് സുതരാം വ്യക്തമാകുന്നു.

### ഏകദൈവാരാധന

സ്രഷ്ടാവും സംരക്ഷകനുമായ ഏകദൈവത്വത്തിലുള്ള വിശ്വാസത്തിലൊതുങ്ങി നിൽക്കുന്നില്ല ഇസ്ലാമിൻെറ തൗഹീദ്. പരമകാരുണികനും കരുണാനിധിയും നീതിമാനുമായ അല്ലാഹുവിന് മാത്രമേ ആരാധനകളർപ്പിക്കുവാൻ പാടുള്ളുവെന്ന തത്ത്വംകൂടി അത് ഉൾക്കൊള്ളുന്നു. ഇസ്ലാമിൻെറ അടിസ്ഥാന ആദർശമായ 'ലാഇലാഹ ഇല്ലല്ലാഹു' ഈ ആശയമാണ് ഉൾക്കൊള്ളുന്നത്. 'അല്ലാഹു അല്ലാതെ

ആരാധനക്കർഹനില്ലാ'യെന്നാണ് ഈ കലിമയുടെ അർഥം. കല്ല് മുതൽ വിഗ്രഹം വരെയും ആൽമരം മുതൽ തുളസിച്ചെടിവരെയും ശവകുടീരങ്ങൾമുതൽ പൂർവപിതാക്കൾവരെയും നാഗം മുതൽ പശുവരെയും മാലാഖമാർമുതൽ പിശാചുക്കൾവരെയും പുണ്യവാളന്മാർ മുതൽ പ്രവാചകന്മാർവരെയുമുള്ള ആരുംതന്നെ ആരാധനകളർഹിക്കുന്നില്ല; സർവശക്തനായ അല്ലാഹു അല്ലാതെ. ഇതാണ് ഇസ്ലാമിൻെറ അടിസ്ഥാന തത്ത്വം.

മനുഷ്യനെക്കാൾ ഉന്നതനായ മറ്റൊരു സൃഷ്ടിയുമില്ലെന്നതാണ് ഖുർആനിൻെറ അധ്യാപനം. 'തീർച്ചയായുംമനുഷ്യരെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു' (അത്തീൻ: 5) എന്നാണ് അല്ലാഹു പറയുന്നത്. മനുഷ്യനെക്കാൾ ഉൽകൃഷ്ടമായ ഏകസത്തയാണ് അല്ലാഹുവിൻേറത്. മനുഷ്യകഴിവിൽപെടാത്ത ഒട്ടനവധി കാര്യങ്ങൾ തനിക്കുചുറ്റും തൻെറ സ്വന്തം ശരീരത്തിലും മനുഷ്യന് കാണാൻ കഴിയുന്നു. സ്വജീവൻ നിലനിർത്തുന്ന ഹൃദയമിടിപ്പോ രക്തചംക്രമണമോ മറ്റു ജീവികളിൽനിന്ന് വ്യതിരിക്തമാക്കുന്ന മസ്തിഷ്ക പ്രവർത്തനങ്ങളോ ഒന്നുംതന്നെ തൻെറ കഴിവിലോ നിയന്ത്രണപരിധിയിലോ അല്ലെന്ന് അവൻ അറിയുന്നു. ഭൂമിയിൽ ജീവൻ നിലനിർത്തുവാൻ പര്യാപ്തമായ രീതിയിലുള്ള സൂര്യൻെറ ചലനങ്ങളോ അന്തരീക്ഷത്തിൻെറ സംവിധാനമോ ഒന്നുംതന്നെ തൻെറ നിയന്ത്രണത്തിന് വിധേയമല്ലെന്ന് അവൻ മനസ്സിലാക്കുന്നു. ഈ അറിവ് തന്നേക്കാൾ ശക്തിയുള്ള അപരാശക്തിയോട് സഹായമഭ്യർഥിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു. ഈ സഹായാഭ്യർഥനയെത്രെ പ്രാർഥന. ഭിഷഗ്വരനോട് രോഗി സഹായമർഥിക്കുന്നതും പണക്കാരനോട് പണിക്കാരൻ സാമ്പത്തിക സഹായം ചോദിക്കുന്നതും പ്രാർഥനയുടെ പരിധിയിൽ വരുന്നില്ല. അവ കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള അർഥനയാകുന്നു. കാര്യകാരണബന്ധങ്ങൾക്ക് അതീതമായ അർഥനയാണ് പ്രാർഥന. ഈ പ്രാർഥനതന്നെയാകുന്നു ആരാധന. പ്രാർഥനയാകുന്നു ആരാധനയുടെ മജ്ജ. പ്രാർഥനയില്ലാത്ത ആരാധനകൾ കേവലം ആചാരങ്ങൾ മാത്രമായിത്തീരുന്നു. പ്രാർഥനയുടെ ആത്മാവ് സ്ഥിതിചെയ്യുന്നത് പ്രാർഥിക്കുന്നവൻെറ മനസ്സിനകത്താണ്. എത്ര സുന്ദരമായ പ്രാർഥനാഗീതമായിരുന്നാലും അത് ഹൃദയത്തിൽനിന്ന് പുറത്തുവരുന്നതല്ലെങ്കിൽ കേവലം വാചാടോപമായി പരിണമിക്കുന്നു. പ്രാർഥിക്കുന്നവൻെറ ഹൃദയം പ്രാർഥിക്കപ്പെടുന്നവൻെറ സഹായം കാംക്ഷിക്കുമ്പോൾ മാത്രമേ പ്രാർഥനയെന്ന പദം അന്വർഥമാകുകയുള്ളൂ. ആരാധനകളിലെ കർമങ്ങൾക്ക് ജീവനുണ്ടാവണമെങ്കിൽ അതിൽ ആത്മാർഥമായ പ്രാർഥനയുണ്ടായിരിക്കണം.



അപ്പോൾ മനുഷ്യർ ആരാധനകളർപ്പിക്കേണ്ടത് ആർക്കാണ്? ആരോടാണ് അവർ പ്രാർഥിക്കേണ്ടത്? സകലമാന കഴിവുകളുടെയും ഉടമസ്ഥാവകാശം ആർക്കാണോ; രഹസ്യങ്ങളും പരസ്യങ്ങളും അറിയുന്നവൻ ആരാണോ, ഹൃദയത്തിനകത്തുള്ളത് വ്യക്തമായി അറിയാവുന്നത് ആർക്കാണോ അവന്നാണ്; അവന്നു മാത്രമാണ് ആരാധനകളർപ്പിക്കേണ്ടതെന്ന് സാമാന്യബുദ്ധി പറയുന്നു. സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിന് മാത്രമേ ആരാധനകളർപ്പിക്കാവൂ എന്നാണ് ഇസ്ലാം നിഷ്കർഷിക്കുന്നത്. പ്രാർഥനാവഴിപാടുകളെല്ലാം അല്ലാഹുവിന് മാത്രം അർപ്പിക്കപ്പെടുമ്പോഴാണ് ഇസ്ലാം വീക്ഷിക്കുന്ന ഏകദൈവവിശ്വാസം പൂർണമാകുന്നത്. ഏകനായസ്രഷ്ടാവിനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചിരിക്കുന്നതെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

'ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽനിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും' (ദാരിയാത്ത് 56-58).

'താനല്ലാതെ ഒരു ആരാധ്യനില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന് സാക്ഷികളാവുന്നു). അവൻ നീതി നിർവഹിക്കുന്നവനത്രേ. അവനല്ലാതെ ആരാധ്യനില്ല. പ്രതാപിയും യുക്തിമാനുമത്രേ അവൻ' (ആലുഇംറാൻ18).

ഉപനിഷത്തുകളിൽ ചിലത് പല ദൈവങ്ങളോടുമുള്ള പ്രാർഥനകൾ ഉൾക്കൊള്ളുന്നുണ്ട്. എങ്കിലും ചില ഉപനിഷദ് സൂക്തങ്ങൾ വ്യക്തമായിതന്നെ ഏകദൈവാരാധനയുടെ മഹത്വവും ബഹുദൈവരാധനയുടെ അർഥശൂന്യതയും ഉദ്ഘോഷിക്കുന്നുണ്ട്. അനശ്വരനായ ഏകദൈവത്തെ മാത്രം ആരാധിക്കണമെന്ന് സൂചിപ്പിക്കുന്ന

ഈശാവാസ്യോപനിഷത്തിലെ ഒരു സൂക്തം നോക്കുക:

*'അന്ധം തമഃ പ്രവിശന്തിയേള സംഭൂതിമുപാസതേ*

*തതോ ഭൂയ ഇവ തേ തമോ യ ഉ സംഭൂത്യാം രതഃ*

(നശ്വരങ്ങളായ ദേവ പിതൃ മാനവാദികളെഉപാസിക്കുന്നവർ അജ്ഞാനമാകുന്ന ഘോരാന്ധകാരത്തിൽ പതിക്കുന്നു. അവിനാശിയായ പരമാത്മാവിനെക്കുറിച്ച് മിഥ്യാഭിമാനത്തോടുകൂടിയിരിക്കുന്നവരും ഘോരാന്ധകാരത്തിൽതന്നെ പതിക്കുന്നു) (ഈശാവാസ്യോപനിഷത്ത് 12).

മോശെക്ക് ദൈവം നൽകിയ പത്ത് കൽപനകളിലും ഏകനായ സ്രഷ്ടാവല്ലാതെ ആരാധിക്കപ്പെടരുതെന്ന തത്ത്വം കാണാം. യഹോവ പറയുന്നതായി പഴയ നിയമം ഉദ്ധരിക്കുന്നത് കാണുക:

'നിൻെറ ദൈവമായ കർത്താവ് ഞാനാകുന്നു; ഈജിപ്ത് ദേശത്തുനിന്ന്, അടിമഭവനത്തിൽനിന്ന്, നിന്നെ മോചിപ്പിച്ചുകൊണ്ടു വന്നവൻ. ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്കുണ്ടാവരുത്. ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്. നീ അവക്കു മുന്നിൽ തലകുനിക്കുകയോ അവയെ സേവിക്കുകയോ അരുത്' (പുറപ്പാട് 20:2-5).

പഴയനിയമപ്രവാചകന്മാരുടെ പിൻഗാമിയായി വന്ന യേശുവും പഠിപ്പിച്ച തത്ത്വം ഏകനായ കർത്താവിനെ മാത്രമാണ് ആരാധിക്കേണ്ടത് എന്നായിരുന്നു. തന്നെ പ്രലോഭിപ്പിച്ച് ഭൗതിക പ്രമത്തനാക്കാൻ വേണ്ടി വന്ന സാത്താനോടുപോലും ക്രിസ്തു പറഞ്ഞത് താൻ അടക്കമുള്ള സകലരുടെയും സ്രഷ്ടാവും പരിപാലകനുമായവനു മാത്രം ആരാധനകളർപ്പിക്കുകയും നമസ്കരിക്കുകയുമാണ് ചെയ്യേണ്ടതെന്നായിരുന്നു. 'സാത്താനേ ദൂരെപ്പോവുക; എന്തെന്നാൽ നിൻെറ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമേ നമസ്കരിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു' (മത്തായി 4:10).

ഏകനും സർവോന്നതനുമായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്ന മനുഷ്യരിലെ അധമത്വവും അഹങ്കാരവും പൂർണമായി നിഷ്കാസിതമാവുന്നു. പാശ്ചാത്യ മാനവികതാ വാദവും (humanism) മാർക്സിസവും മനുഷ്യനാകുന്നു പ്രപഞ്ചത്തിലെ ഏറ്റവും ഉന്നതനെന്നും അവനെ നിയന്ത്രിക്കുന്നതോ അവനു മുകളിലുള്ളതോ ആയ യാതൊരു ശക്തിയും ഇല്ലെന്നും വാദിച്ചപ്പോൾ അതിൻെറ ഫലമായി വളർന്നുവന്നത് ഒരു തരം അഹങ്കാരമായിരുന്നു. ആ ജനതകളുടെ തകർച്ചക്കുള്ള നിമിത്തവും ഈ അഹങ്കാരംതന്നെ. അതേസമയം, സ്ഥാപനമതങ്ങളുടെ ആരാധ്യന്മാർ കല്ലുകളും സസ്യങ്ങളും ജന്തുക്കളും ശവകുടീരങ്ങളും പുണ്യവാളന്മാരുമാണ്. തങ്ങളേക്കാൾ കഴിവും ശക്തിയും കുറഞ്ഞവരോട് -പലപ്പോഴും കേൾവിയോ കാഴ്ചയോ ഇല്ലാത്ത- ആരാധനകളർപ്പിക്കുന്നവരുടെ മനസ്സിൽ ഒരുതരം അധമബോധമുണ്ടാവുക സ്വാഭാവികമാണ്. ഒരു 'ദൈവ'ത്തിൽ അഭയം കാണാതാവുമ്പോൾ വേറൊരു 'ദൈവ'ത്തിലേക്ക് ഓടുന്ന അവസ്ഥ ഉണ്ടാക്കുന്നത് ഈ അധമബോധമാണ്. ഒരു ആരാധ്യനെയും അംഗീകരിക്കാതിരിക്കുന്ന, അഹങ്കാരത്തിനും സൃഷ്ടികളെ ആരാധിക്കുന്ന അധമത്വത്തിനും മധ്യേ, സ്രഷ്ടാവിനെ മാത്രം ആരാധിക്കൂയെന്ന ഇസ്‌ലാമിൻെറ തത്ത്വം നിലനിൽക്കുന്നു. ഇത് മനുഷ്യനെ ആത്മാഭിമാനമുള്ളവനും അതേസമയം, വിനയാന്വിതനുമാക്കി മാറ്റുന്നു.



ബഹുദൈവവിശ്വാസത്തിൻെറ ചങ്ങലക്കെട്ടുകളിൽനിന്ന് മനുഷ്യനെ സ്വതന്ത്രമാക്കുന്ന ശക്തിയത്രേ ഏകദൈവരാധന. 'ദൈവ'ങ്ങളും അവയുടെ ദല്ലാളന്മാരുംകൂടി സൃഷ്ടിക്കുന്ന പാരതന്ത്ര്യത്തിൽനിന്നുള്ള മോചനം. സ്വതന്ത്രമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഏകദൈവാരാധന മനുഷ്യനെ പ്രേരിപ്പിക്കുന്നു. ആകാശഗോളങ്ങൾ ദേവീദേവന്മാരാണെന്ന പൗരാണിക സങ്കൽപം അവയെക്കുറിച്ച പഠനത്തിനു മുമ്പിൽ വിലങ്ങുതടിയായി നിന്നിട്ടുണ്ട്. പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും വസ്തുതകളും ദൈവത്തിൻെറ സൃഷ്ടികൾ മാത്രമാണെന്ന് മനസ്സിലാക്കുന്ന ഏകദൈവവിശ്വാസിയെ സംബന്ധിച്ചിടത്തോളം അവയെക്കുറിച്ച പഠനം ദൈവത്തിൻെറ അജയ്യമായ പ്രവർത്തനങ്ങളുടെ സൗന്ദര്യത്തെക്കുറിച്ച അന്വേഷണമാണ്. അതുകൊണ്ടാണ് ഖുർആൻ പ്രപഞ്ച പഠനത്തെ പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്.

## ന്യായവാദങ്ങൾക്കുള്ള മറുപടി

വിഗ്രഹങ്ങളെയും ശവകുടീരങ്ങളെയും പുണ്യവാളന്മാരെയും ആരാധിക്കുന്നവർ സാധാരണയായി തങ്ങൾ ഏകദൈവവിശ്വാസികൾ തന്നെയാണെന്നും മഹാനായ ദൈവത്തിലേക്കുള്ള ഇടയാളന്മാരായിട്ടാണ് ഇവയെ സ്വീകരിച്ചിരിക്കുന്നതെന്നും ന്യായീകരിക്കാറുണ്ട്. മനുഷ്യ

മനസ്സുകളുടെ അകത്തളങ്ങളിൽ രൂപമെടുക്കുന്ന വികാരവിചാരങ്ങളുടെ ആന്തോളനങ്ങളെക്കുറിച്ച് വ്യക്തമായി അറിയാവുന്ന സ്രഷ്ടാവിലേക്ക് ഒരു ഇടനിലക്കാരൻെറ ആവശ്യമുണ്ടെന്ന വാദം ഇസ്‌ലാം അംഗീകരിക്കുന്നില്ല. അവൻ നമ്മുടെ സമീപസ്ഥനാണെന്നും അവനോടുമാത്രമാണ് പ്രാർഥനകൾ അർപ്പിക്കേണ്ടതെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

'നിന്നോടു എൻെറ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എൻെറ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിലവർ വിശ്വസിക്കുകയും ചെയ്യട്ടെ അവർ നേർവഴി പ്രാപിക്കാൻ വേണ്ടിയാണിത്' (അൽബഖറ 186).

നമ്മുടെ മനസ്സിന് ഉൾക്കൊള്ളാൻ പ്രയാസകരമായ സ്രഷ്ടാവിന്റെ സത്തയെ പൂജിക്കുമ്പോൾ മനസ്സിൻെറ കേന്ദ്രീകരണത്തിനുവേണ്ടി മാത്രമായിട്ടാണ് വിഗ്രഹങ്ങൾ ഉപയോഗിക്കുന്നതെന്നും വാദിക്കപ്പെടാറുണ്ട്. ഇതിൽ കഴമ്പില്ല. ആരാധിക്കപ്പെടുന്നതിൻെറ സത്തയുടെ ചിത്രം മനസ്സിൽ ധ്യാനിച്ചെങ്കിൽ മാത്രമേ ആരാധന പൂർണമാകൂ എന്ന് പറയുന്നതിൽ അർഥമില്ല. ചിത്രമല്ല, ശക്തിയെ സംബന്ധിച്ച ബോധമാണ് ആരാധിക്കുന്നവൻെറ മനസ്സിൽ പതിയേണ്ടത്. ആരാധിക്കപ്പെടുന്നവൻെറ സത്തയെ സംബന്ധിച്ച ബോധമുണ്ടാക്കുകയല്ല ആരാധന; പ്രത്യുത അവൻെറ ശക്തിയുപയോഗിച്ച് സഹായിക്കേണമേ എന്ന അർഥനയാണത്. അതുകൊണ്ടുതന്നെ ആരാധ്യൻെറ സത്തയുടെ ചിത്രം മനസ്സിൽ ധ്യാനിക്കുന്നതിനു പകരം ശക്തിയെക്കുറിച്ച പൂർണബോധ്യം ഉണ്ടാക്കുകയാണ് ആരാധിക്കുന്നവൻ ചെയ്യേണ്ടത്. മാത്രവുമല്ല, വിഗ്രഹാരാധന നടത്തുന്നവരുടെ മനസ്സിൽ ദൈവമായി കുടിയിരുത്തപ്പെടുന്നത് പ്രസ്തുത വിഗ്രഹങ്ങളുടെ ചിത്രങ്ങളാണ്. അവയുടെ സ്വഭാവങ്ങളും കഴിവുകളുമാണ് ദൈവത്തിൻെറ കഴിവുകളായി അവർ മനസ്സിലാക്കുന്നത്. വിഗ്രഹാരാധകരുടെ പ്രാർഥനാഗീതങ്ങളും മറ്റും ദൈവത്തിൻെറ സ്വഭാവങ്ങളായി വാഴ്ത്തപ്പെടുന്നത് പ്രസ്തുത മൂർത്തി പ്രതിനിധാനം ചെയ്യുന്ന വ്യക്തിയുടെ സ്വഭാവങ്ങളാണ്. അതുകൊണ്ടുതന്നെ വിഗ്രഹാരാധനയെ ഏകദൈവാരാധനയുമായി സമരസപ്പെടുത്തുന്നത് യാതൊരു ന്യായീകരണവുമർ



ഹിക്കുന്നില്ല.

ഓരോരുത്തരും തങ്ങൾക്കിഷ്ടമുള്ള രീതിയിൽ ദൈവത്തെ ആരാധിച്ചാൽ മതിയെന്ന വീക്ഷണവുമായി ഇസ്‌ലാം പൊരുത്തപ്പെടുന്നില്ല. ഈ വീക്ഷണം ശരിവെച്ചാൽ ശവത്തിൻെറ അവയവങ്ങൾ പിഴുതെടുത്ത് സംഹാര നൃത്തം ചെയ്തുകൊണ്ട് 'ദൈവോപാസന' നടത്തുന്ന അഘോരമത സമ്പ്രദായവും ലൈംഗീകാവയവങ്ങളിലൂടെ ഒലിപ്പിക്കുന്ന ഋതുരക്ത-മദ്യലായനി നക്കിത്തുടച്ചുകൊണ്ട് 'ദൈവാരാധന' നടത്തുന്ന താന്ത്രിക മത സമ്പ്രദായവും അംഗീകരിക്കേണ്ടതായി വരും. ഇങ്ങനെ എത്രയെത്ര മ്ലേച്ഛമായ ദൈവാരാധനാ മുറകൾ! അവ ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം അവയാണ് അവരുടെ വീക്ഷണത്തിലെ ദൈവാരാധന. നമുക്കിവയെ അംഗീകരിക്കാനാവുന്നില്ലെന്നത് വേറെ പ്രശ്നം. അവരുടെ ഇഷ്ടത്തിനനുസരിച്ച് അവരെ ദൈവാരാധന നടത്തുവാൻ അനുവദിക്കണമെന്ന് നമുക്കൊന്നും അഭിപ്രായമില്ല. ഇതിനർഥമെന്താണ്? ഓരോരുത്തരും സ്വന്തം ഇഷ്ടപ്രകാരമുള്ള ദൈവാരാധനാ സമ്പ്രദായം സ്വീകരിക്കുകയല്ല വേണ്ടത്, പ്രത്യുത ദൈവം പഠിപ്പിച്ചുതന്നതെന്നുറപ്പുള്ള ആരാധനാ സമ്പ്രദായങ്ങളിലൂടെയാവണം ഓരോരുത്തരും ദൈവത്തെ സമീപിക്കേണ്ടത്. അപ്പോൾ ഏകദൈവത്തെ ആരാധിക്കേണ്ടതെങ്ങനെയാണെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി ദൈവികമെന്നുറപ്പുള്ള സ്രോതസ്സിനെതന്നെ സമീപിക്കേണ്ടതാണെന്ന് വ്യക്തമാകുന്നു. ദൈവികമാണെന്ന് നൂറുശതമാനം ഉറപ്പുള്ള ഒരൊറ്റ സ്രോതസ്സുമാത്രമേ ഇന്ന് നിലനിൽക്കുന്നുള്ളൂ എന്ന് നമുക്ക് അറിയാം. അതാണ് വിശുദ്ധ ഖുർആൻ. ഖുർആനും അതിനെ പ്രയോഗവത്കരിച്ച പ്രവാചകൻെറ ചര്യയും പഠിപ്പിച്ചുതന്ന രീതികളിൽ മാത്രമാണ് ദൈവത്തെ ആരാധിക്കേണ്ടതെന്ന ഇസ്‌ലാമിക തത്ത്വത്തിൻെറ പ്രസക്തി ഇവിടെ നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നു.

### ഇസ്‌ലാമിലെ ആരാധനകൾ

ഇസ്‌ലാം പഠിപ്പിച്ച ആരാധനകൾ ഏകദൈവത്വമെന്ന ആശയത്തെ എല്ലാ അർഥത്തിലും പ്രയോഗവത്കരിക്കുകയും വ്യക്തിയെ വിമലീകരിക്കുന്നതുവഴി കുടുംബത്തെയും സമൂഹത്തെയും രാഷ്ട്രത്തെയുമെല്ലാം സംസ്കരിക്കുകയും ചെയ്യുന്നു. അഞ്ചു നേരത്തെ നിർബ

ന്ധ നമസ്കാരമാണ് ഒരു മുസ്‌ലിം ഒരവസരത്തിലും ഒഴിച്ചുകൂടാൻ പാടില്ലാത്ത ആരാധന. ഒരു ദിവസത്തെ മുസ്‌ലിമിൻെറ ജീവിതമാരംഭിക്കുന്നതുതന്നെ നമസ്കാരം കൊണ്ടാണ്. അരുണോദയത്തിന് മുമ്പ് നിർവഹിക്കപ്പെടുന്ന പ്രഭാതനമസ്കാരത്തിലൂടെ സർവശക്തനായ സ്രഷ്ടാവിന് മുമ്പിൽനിന്ന് അവൻെറ സ്തുതികീർത്തനങ്ങളാലപിക്കുകയും തിന്മകളിൽനിന്ന് മുക്തമായ ജീവിതം നയിക്കുവാൻ അവൻെറ അനുഗ്രഹങ്ങളാവശ്യപ്പെടുകയും ചെയ്തുകൊണ്ട് ജീവിതവൃത്തികളാരംഭിക്കുന്ന ഒരാൾക്ക് പിന്നെ ദൈവകോപത്തിന് പാത്രമാകുന്ന പാതയിലൂടെ സഞ്ചരിക്കുവാൻ സാധിക്കുമോ? പ്രഭാത നമസ്കാരത്തിലൂടെ കൈവരിച്ച ആത്മവിശുദ്ധിയുടെ ഒളിമങ്ങുന്നതിനുമുമ്പ് മധ്യാഹ്ന നമസ്കാരം വന്നെത്തുകയും അപ്പോഴും പാപമോചനത്തിനുവേണ്ടിയും മാർഗഭ്രംശം സംഭവിക്കാതിരിക്കുന്നതിനുവേണ്ടിയും പടച്ചതമ്പുരാനു മുമ്പിൽ കൈകെട്ടിനിന്നും നമ്രശിരസ്കനായും സാഷ്ടാംഗം നമിച്ചും മുസ്‌ലിം പ്രാർഥിക്കുന്നു. മധ്യാഹ്ന നമസ്കാരത്തിൻെറ സ്മരണയിൽനിന്ന് മുക്തനാവുന്നതിനുമുമ്പ് സായാഹ്ന നമസ്കാരം വന്നെത്തുകയും വീണ്ടും ദൈവശാസനകളനുസരിച്ച് പ്രവർത്തിക്കാമെന്നും പാപങ്ങളിൽനിന്ന് അകന്നുനിൽക്കാമെന്നും മുസ്‌ലിം പ്രതിജ്ഞ ചെയ്യുന്നു. സായാഹ്ന നമസ്കാരത്തിലൂടെ നേടിയെടുത്ത സംശുദ്ധിയിൽനിന്ന് വ്യതിചലിച്ച് ദൂഷിതവൃത്തികളിലേക്ക് ശ്രദ്ധ തിരിയാൻ സാധ്യതയുള്ള സമയമെത്തുമ്പോഴേക്കും സന്ധ്യാനമസ്കാരത്തിലേക്ക് മുസ്‌ലിം പ്രവേശിക്കുന്നു. അതുകഴിഞ്ഞ് രാത്രിയിൽ തെറ്റുകുറ്റങ്ങൾക്ക് സാധ്യതകൾ ഏറെയുള്ള സമയമടുക്കുമ്പോഴേക്കും വീണ്ടും നിശാനമസ്കാരത്തിലൂടെ പാപമോചനത്തിനായി പ്രാർഥിക്കുകയും ദൈവശാസനകൾ അനുസരിക്കാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു. അഞ്ചു നേരം കൃത്യമായി നമസ്കരിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം അയാളുടെ മനസ്സിന് ദൈവസ്മരണയിൽനിന്ന് അകന്നുനിൽക്കാൻ സമയമുണ്ടാവുകയില്ല. രഹസ്യങ്ങളും പരസ്യങ്ങളും അറിയാവുന്ന പടച്ചതമ്പുരാനു മുന്നിൽനിന്ന് അഞ്ചുനേരം ആത്മാർഥമായി നമസ്കരിക്കുന്ന ഒരാൾക്ക് പിന്നെ തെറ്റു ചെയ്യാൻ സമയമെവിടെ? വിശുദ്ധ ഖുർആൻ പറഞ്ഞതെത്ര ശരി!

'തീർച്ചയായും നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധകർമത്തിൽനിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുകയെന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു' (അൽഅൻകബൂത്ത്: 45).



നമസ്കാരം കഴിഞ്ഞാൽ പിന്നെ ഇസ്‌ലാമിൽ ഏറ്റവും പ്രധാനപ്പെട്ട ആരാധനാകർമമാണ് സകാത്ത് അഥവാ നിർബന്ധദാനം. സമ്പത്തിൻെറ സംസ്കരണമാണ് സകാത്ത്. സാമ്പത്തിക വിഷമമനുഭവിക്കുന്ന വ്യക്തികളെ സഹായിച്ചുകൊണ്ട് അവരുടെ വിഷമതകൾ പരിഹരിക്കുന്നതിന് സമൂഹത്തെ സജ്ജമാക്കുവാനായി ഇസ്‌ലാം നടപ്പാക്കിയ ആരാധനാ സമ്പ്രദായമാണിത്. സമ്പാദ്യത്തിനും കൃഷിക്കും കന്നുകാലിസമ്പത്തിനും നാണയത്തിനുമെല്ലാം അവയുടെ തോതനുസരിച്ച് സകാത്ത് നൽകുവാൻ മുതലാളി ബാധ്യസ്ഥനാണ്. ധനികൻെറ ഔദാര്യമെന്ന നിലക്കല്ല, ദരിദ്രൻെറ അവകാശമെന്ന നിലക്കാണ് സകാത്തിനെ ഖുർആൻ പരിചയപ്പെടുത്തുന്നത്. സമ്പന്നൻെറ അടുത്തുനിന്ന് രാഷ്ട്രമോ സമൂഹം ഉത്തരവാദപ്പെടുത്തിയ സ്ഥാപനങ്ങളോ പിരിച്ചെടുക്കുകയും അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയുമാണ് സകാത്തിൻെറ രൂപം. സാമ്പത്തികമായ അത്യാർത്തിയാണ് പലപ്പോഴും മനുഷ്യരെ മഹാപാപങ്ങളിലേക്ക് നയിക്കുന്നത്. സാമ്പത്തിക ത്യാഗമാണ് സകാത്ത്. ധനപൂജയും സ്വാർഥതയും ദുരീകരിച്ചുകളയുകയും ത്യാഗസന്നദ്ധതയും പരോപകാരേച്ഛയും വളർത്തുകയും ചെയ്തുകൊണ്ട് മനുഷ്യരെ ശുചീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന കർമമാണ് സകാത്ത്. ദൈവിക ശാസനകളുടെ അടിസ്ഥാനത്തിൽ സകാത്ത് സംഘടിതമായി വിതരണം ചെയ്യാ ൻ സമൂഹം സന്നദ്ധമായാൽ ലോകത്തുനിന്ന് ദാരിദ്ര്യത്തെ പൂർണമായി ഇല്ലാതാക്കാൻ കഴിയും.

വ്രതാനുഷ്ഠാനമാണ് മറ്റൊരു പ്രധാനപ്പെട്ട ആരാധന. പ്രഭാതം മുതൽ പ്രദോഷം വരെ അന്നപാനീയങ്ങളിൽനിന്നും വികാരപൂർത്തീകരണത്തിൽനിന്നും വിട്ടുനിൽക്കുകയാണ് ഇസ്‌ലാം വ്രതാനുഷ്ഠാനം കൊണ്ട് വിവക്ഷിക്കുന്നത്. ദൈവഹിതത്തെ മാത്രം മാനിച്ചുകൊണ്ട് ആഹാരപാനീയങ്ങൾ വെടിയുകയും വികാരങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വർധിക്കുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. സദാസമയവും താൻ

ദൈവത്താൽ നിരീക്ഷിക്കപ്പെടുന്നുവെന്ന ബോധം മാത്രമാണ് ഒരു മുസ്‌ലിമിനെ വ്രതമനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കുന്നത്. ഒരു മാസമാണ് നിർബന്ധ വ്രതം കൽപിക്കപ്പെട്ടിരിക്കുന്നത്. ഇത്രയും കാലം തുടർച്ചയായി ഉപവസിക്കുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വളർന്നുവരികയും ജീവിതത്തിലുടനീളം ദോഷബാധയെ സൂക്ഷിക്കുവാൻ അയാൾ സന്നദ്ധനാവുകയും ചെയ്യും. നോമ്പുകാരനിൽ വ്യക്തിപരമായ ത്യാഗമനോഭാവവും സേവനസന്നദ്ധതയും അർപ്പണബോധവും വളർത്തുന്നതോടൊപ്പംതന്നെ അവനിൽ സമസൃഷ്ടിസ്നേഹവും സാമൂഹികബോധവുമുണ്ടാക്കിയെടുക്കുന്നതിനും വ്രതാനുഷ്ഠാനത്തിന് കഴിയുന്നു. വിശപ്പിൻെറ വേദന അനുഭവിച്ചറിയുന്ന നോമ്പുകാരന് പട്ടിണിപ്പാവങ്ങളോടുള്ള ദീനാനുകമ്പ വളർന്നുവരുന്നു. വ്രതം ഏതു പിശുക്കനെയും ഉദാരനാക്കുകയും പാവപ്പെട്ടവനെ പരിഗണിക്കുന്നവനാക്കുകയും ചെയ്യുന്നു. ഇങ്ങനെ, വ്യക്തിയെ സ്വയം നിയന്ത്രണത്തിന് പാകമാക്കുകയും മ്ലേച്ഛസ്വഭാവങ്ങളിൽ നിന്ന് മുക്തനാക്കുകയും ചെയ്യുന്നതോടൊപ്പം ദരിദ്രനെയും ധനികനെയും ഐക്യപ്പെടുത്തുന്ന ഒരു ശക്തമായ ഉപകരണംകൂടിയാണ് വ്രതാനുഷ്ഠാനം.

ഇസ്‌ലാമിക ആരാധനാകർമങ്ങളിൽ അഞ്ചാമത്തേതായ ഹജ്ജും മനുഷ്യനും സ്രഷ്ടാവും തമ്മിലുള്ള ബന്ധം സുദൃഢമാക്കാനുതകുന്ന രീതിയിൽ സംവിധാനിക്കപ്പെട്ടിട്ടുള്ളതാണ്. സാമ്പത്തികവും ശാരീരികവുമായ ശേഷിയുള്ള ഒരാൾ ജീവിതത്തിലൊരിക്കൽ ഹജ്ജ് ചെയ്യൽ നിർബന്ധമാണ്. ബഹുദൈവാരാധനയുമായി യാതൊരു ബന്ധവുമില്ലാത്ത തീർഥാടനമാണ് ഹജ്ജ്. ഈ തീർഥാടനത്തിലെ കർമങ്ങളിലധികവും ഏകദൈവാരാധനയെന്ന ആശയം പ്രചരിപ്പിച്ചതിൻെറ പേരിൽ കുടുംബത്തിൻെറയും സമൂഹത്തിൻെറയും വിദ്വേഷത്തിന് പാത്രമായ ഇബ്റാഹീമിൻെറ (عليه السلام) സ്മരണയുൾക്കൊള്ളുന്നതാണ്. അതുകൊണ്ടുതന്നെ, ഹജ്ജ്കർമം കഴിയുന്നതോടുകൂടി ഏതൊരാളും പശ്ചാതാപബോധമുള്ളവനും പാപവിരക്തനുമായി മാറുന്നു. അതോടൊപ്പം ഇസ്‌ലാം വിഭാവനം ചെയ്യുന്ന സാഹോദര്യത്തെ പൂർണമായി ഉൾക്കൊള്ളുന്നതിനും ഹജ്ജ്കർമം കഴിയുന്നതോടെ ഒരാൾക്ക് കഴിയുന്നു. ലോകത്തിലെ വിവിധ കോണുകളിൽനിന്നെത്തിയ ലക്ഷക്കണക്കിന് മനുഷ്യരിലൊരാളായി ഹജ്ജ് ചെയ്യുന്നവൻ



മാറുന്നു. എല്ലാവർക്കും ഒരേ വേഷം. ഒരേ സ്വരം. മനസ്സിൽ ദൈവബോധം. ചുണ്ടിൽ ദൈവസ്തോത്രങ്ങൾ. ഉച്ചനീചത്വങ്ങളില്ല. ദേശീയതയുടെയും പ്രാദേശീയതയുടെയും അതിർവരമ്പുകളില്ല. കറുത്തവനും വെളുത്തവനും തമ്മിൽ അന്തരങ്ങളൊന്നുമില്ല. മുതലാളിയും തൊഴിലാളിയും ഒരേപോലെതന്നെ. എല്ലാവരും ഒരേ വേഷത്തിൽ ഒരേ സ്വരമുരുവിട്ടുകൊണ്ട് ഒരേ കർമങ്ങൾ ചെയ്യുന്നു. ഒരേയൊരു ദൈവം ഒരൊറ്റ ജനതയെന്ന ഇസ്‌ലാമിൻെറ ആശയം ഹജ്ജിൽ പ്രകടമായിക്കാണുന്നു.

ഇങ്ങനെ, ഏകദൈവാരാധനയെന്ന ആശയത്തെ അതിൻെറ പൂർണരൂപത്തിൽ പ്രായോഗികമായി അവതരിപ്പിക്കുന്ന ദർശനമാണ് ഇസ്‌ലാം.

ഏകദൈവമല്ലാത്ത ആരും ആരാധിക്കപ്പെടരുതെന്ന ഇസ്‌ലാമിൻെറ അടിസ്ഥാന തത്ത്വത്തിനു മുമ്പിൽ തകർന്നുവീണത് വിഗ്രഹങ്ങളും ശവകുടീരങ്ങളും വ്യാജദൈവങ്ങളും മാത്രമായിരുന്നില്ല; ദൈവങ്ങളുടെയും മനുഷ്യരുടെയും ഇടയിലുള്ള ദല്ലാളന്മാരായി ചമഞ്ഞ പൗരോഹിത്യം കൂടിയായിരുന്നു. തന്നോട് മറ്റാരേക്കാളും സമീപസ്ഥനായിട്ടാണ് അല്ലാഹുവിനെ ഖുർആൻ പരിചയപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ അല്ലാഹുവിനും മനുഷ്യർക്കുമിടയിൽ മധ്യവർത്തികളൊന്നും ആവശ്യമില്ലെന്നാണ് ഇസ്‌ലാമിൻെറ അധ്യാപനം. യാതൊരു രീതിയിലുമുള്ള പൗരോഹിത്യവും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ദൈവങ്ങളുടെ പേരിൽ മനുഷ്യരെ തമ്മിലടിപ്പിക്കുന്ന പൗരോഹിത്യൻെറ ചൂഷണത്തിൽനിന്ന് മനുഷ്യരാശിയെ രക്ഷിക്കുകയാണ് ഇതിലൂടെ ഇസ്‌ലാം ചെയ്തിരിക്കുന്നത്.

### സാഹോദര്യത്തിൻെറ അടിത്തറ

ഏകദൈവാരാധന, മനുഷ്യവർഗത്തെ സകലവിധ സങ്കുചിതത്വങ്ങളിൽനിന്നും മുക്തമാക്കുന്നു. സ്വദേശിയെയും വിദേശിയെയും സവർണനെയും അവർണനെയും വെളുത്തവനെയും കറുത്തവനെയും വ്യത്യസ്ത സമുദായങ്ങളിലും ഗോത്രങ്ങളിലും തറവാടുകളിലും പെട്ടവരെയും വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവരെയും സൃഷ്ടിച്ച് പരിപാലിക്കുന്നത് ഏകനായ ദൈവമാണെന്ന ചിന്ത അവർ തമ്മിലുള്ള വലുതും ചെറുതുമായ സകലവിധ അസ്പൃശ്യതകളുടെയും

അടിവേരറുക്കുന്നു. സർവശക്തനും സർവോന്നതനുമായവൻെറ മുമ്പിൽ മാത്രം ഈ വിഭാഗങ്ങളെല്ലാം തലകുനിക്കുമ്പോൾ അവരെ ഭിന്നിപ്പിച്ചു നിർത്തുന്ന സകല മതിൽക്കെട്ടുകളും തകർന്നുതരിപ്പണ മാവുന്നു. സ്രഷ്ടാവിനു മുമ്പിൽ എല്ലാവരും സമന്മാരാണെന്ന ധാര ണ വളർന്നുവരുമ്പോൾ വ്യത്യസ്ത വിഭാഗങ്ങൾക്ക് ജന്മാവകാശമാ യിക്കിട്ടിയ 'തലക്കന'ങ്ങളെല്ലാം ഇല്ലാതെയാവുന്നു. മനുഷ്യരെല്ലാം ഒരൊറ്റ ദൈവത്തിൻെറ സൃഷ്ടികളും ഒരൊറ്റ മാതാപിതാക്കളുടെ സന്തതികളുമാണെന്ന ഇസ്ലാമിൻെറ പ്രഖ്യാപനം ഗോത്രമഹിമയു ടെ പേരിൽ തമ്മിലടിച്ചുകൊണ്ടിരുന്ന അറബികളെ എന്തുമാത്രം കെ ട്ടുറപ്പുള്ള ഒരു സമൂഹമായിട്ടാണ് പരിവർത്തിപ്പിച്ചതെന്ന് ചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം. ദേശത്തിൻെറയും ഗോത്രത്തിൻെറയും ഭാഷയുടെയും വർണത്തിൻെറയും പേരിലുള്ള സകല മിഥ്യാഭിമാന ങ്ങളെയും തകർത്തുകളഞ്ഞ ഖുർആനിൻെറ പ്രഖ്യാപനം ഇങ്ങനെ യാണ്:

'ഹേ: മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറി യേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിൻെറ അടു ത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനി ഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു' (ഹുജറാത്ത് 13).

പ്രവാചകൻ പറഞ്ഞു: 'അറബിക്ക് അനറബിയേക്കാളുമോ വെളു ത്തവന് കറുത്തവനെക്കാളുമോ യാതൊരു മഹത്വവുമില്ല; ധർമനിഷ് ഠയുടെ പേരിലല്ലാതെ' (മുസ്ലിം, അബൂദാവൂദ്).

'നിശ്ചയം നിങ്ങളുടെ ദൈവം ഒന്ന്, നിങ്ങളുടെയെല്ലാം പിതാവും ഒരാൾതന്നെ. എല്ലാവരും ആദമിൽനിന്നുള്ളത്: ആദമോ മണ്ണിൽനി ന്നും' (മുസ്ലിം അബൂദാവൂദ്).

ഏകദൈവാരാധനയാണ് ഇസ്ലാമിൻെറ ആത്മാവ്.അല്ലാഹുവിന് മാത്രം ആരാധനകളർപ്പിക്കുന്ന ഒരാൾക്ക് മാത്രമേ സ്വന്തം ജീവിത ത്തെ പൂർണമായി ദൈവേച്ഛക്ക് വിധേയമായി പരിവർത്തിപ്പിക്കു വാൻ കഴിയൂ. അപ്പോൾ മാത്രമേ ഒരാൾക്ക് സ്വന്തം ജീവിതത്തെ



സമ്പൂർണമായും സർവശക്തന് സമർപ്പിക്കാൻ-മുസ്ലിമാകുവാൻ കഴിയൂ. സകല പ്രാചകന്മാരും പ്രബോധനം ചെയ്ത മതത്തിൻെറ പേരാണ് ഇസ്ലാം എന്നു നാം മനസ്സിലാക്കി. ബഹുദൈവാരാധന ഉൾക്കൊള്ളുന്ന ഇന്നത്തെ മതാചാരങ്ങളിൽ മിക്കതും പുരോഹിത ന്മാരുടെ സൃഷ്ടിയാണെന്നും അവരുടെ സ്വാർഥ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പടയ്ക്കപ്പെട്ടവയാണെന്നുമാണ് പഠന ങ്ങൾ വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ പരലോകമോക്ഷം ആഗ്രഹിക്കുന്ന സഹോദരങ്ങൾ ദൈവദൂതന്മാർ പഠിപ്പിച്ച ദർശനം -സർവശക്തന് സ്വന്തം ജീവിതം സമർപ്പിക്കുന്ന ജീവിതരീതി സ്വീക രിക്കുകയാണ് വേണ്ടത്.

സത്യത്തെ കണ്ടെത്തുവാനും സ്വീകരിക്കുവാനും സർവശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ. ആമീൻ!

******

**കൂടുതൽ പഠിക്കാൻ**


NICHE OF TRUTH

P.B. N0: 1981, Vyttila, Cochin-19.

Tel: 0484 2301275, 2301576, Fax: 0484 2301175

Email:islam@nicheoftruth.org

www.nicheoftruth.org